ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 ഓഗസ്റ്റ് 2021 ലക്കം 08

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. സിനഡിന്റെ വിജയത്തിനായി പ്രാർത്ഥന Prot. No.0671/2021 .... 05
2. സർക്കുലർ തടവറപ്രേഷിത ദിനം .... 07
3. സർക്കുലർ കർഷക ക്ഷേമനിധി .... 13
4. കച്ചേരിക്കാര്യം .... 18
5. അനുസ്മരണം ഫാ. ജോസഫ് കീച്ചൻകേരിയിൽ .... 23
6. വിശ്വാസപരിശീലനം .... 26
7. ബൈബിൾ അപ്പോസ്റ്റോലേറ്റ് .... 33
8. ചെറുപുഷ്പ മിഷൻലീഗ് .... 37
9. തിരുബാലസഖ്യം .... 46
10. യുവജനശുശ്രൂഷ .... 48
11. കുടുംബപ്രേഷിതത്വം .... 53
12. വിദ്യാഭ്യാസ ഏജൻസി .... 58
13. വിമൽജ്യോതി വാർത്തകൾ .... 60
14. സാൻജോസ് അക്കാഡമി .... 63
15. എ.കെ.സി.സി. .... 65
16. നിർമ്മലഗിരി വാർത്തകൾ .... 67
17. മദ്യവിരുദ്ധ പ്രസ്ഥാനം .... 71
18. സാമൂഹ്യസേവനവേദി .... 73
19. ADAM .... 76
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .... 77
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .... 79
22. Programme of the Auxiliary Bishop Mar Joseph Pamplany .... 82

Prot. No.0793/2021 20 ജൂലൈ 2021

# സർക്കുലർ

# സിനഡിന്റെ വിജയത്തിനായി പ്രാർത്ഥനാമാസം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയിലെ മെത്രാന്മാരുടെ 29-ാം സിനഡിന്റെ രണ്ടാം സമ്മേളനം 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ തീയതികളിൽ ഓൺലൈനായി നടക്കുകയാണ്. കേരളത്തിലെ 13 രൂപതകളിലെയും കേരളത്തിനു പുറത്ത് ഇന്ത്യയിലുള്ള 18 രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലെയും 46 മെത്രാന്മാരും റിട്ടയർ ചെയ്ത 16 മെത്രാന്മാരും ഉൾപ്പെടെ 62 പേരാണ് സിനഡിൽ സംബന്ധിക്കുന്നത്.

കോവിഡ് 19- ന്റെ പശ്ചാത്തലത്തിൽ 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും ഓൺലൈനായിട്ടാണു സിനഡുസമ്മേളനങ്ങൾ നടന്നത്. കോവിഡ് പകർച്ചവ്യാധി മൂലമുള്ള യാത്രാ നിയന്ത്രണങ്ങൾ കർശനമായി തുടരുന്നതിനാലാണ് ഇത്തവണയും സിനഡ് ഓൺലൈനായി നടത്താൻ തീരുമാനിക്കുന്നത്.

നമ്മുടെ സഭയുടെ നവീകരിക്കപ്പെട്ട കുർബാനക്രമത്തിനു പരിശുദ്ധ സിംഹാസനം അംഗീകാരം നല്കിയിട്ടുണ്ട്. പുതുക്കിയ കുർബാനക്രമം നടപ്പിൽ വരുന്നതോടൊപ്പം നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിത ഭവനങ്ങളിലും ഒരേ രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കണമെന്നു 2021 ജൂലൈ 3-ന് പുറപ്പെടുവിച്ച തിരുവെഴുത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രത്യേകമായ ആഹ്വാനം നല്കിയിട്ടുണ്ടല്ലോ. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം നടപ്പിൽ വരുത്തുന്നതിനുള്ള തീയതി ആഗസ്റ്റു മാസത്തിലെ സിനഡിൽ തീരുമാനിക്കുന്നതാണ്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും പൂർണ്ണമായ ഐക്യം കൈവരുന്നതിനും സഭയുടെ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിനും ഉപയുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

അതിനായി, 2021 ജൂലൈ മാസം 27 മുതൽ സിനഡു സമാപിക്കുന്ന ഓഗസ്റ്റ് 27 വരെ നീണ്ടുനില്ക്കുന്ന ഒരു മാസത്തെ പ്രാർത്ഥനാചരണത്തിനായി ഏവരോടും ആഹ്വാനം ചെയ്യുന്നു. ഈ ഒരു

മാസത്തിലെ വെള്ളിയാഴ്ചകളിൽ സാധിക്കുന്നവരെല്ലാം ഉപവാസമെടുക്കുന്നതും ഉചിതമായിരിക്കും.

സീറോ മലബാർ സഭയ്ക്കു പ്രത്യേകമായി എഴുതിയ കത്തിൽ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പരിശുദ്ധ പിതാവ് അഭ്യർത്ഥിച്ചിരുന്നല്ലോ. അടുത്തകാലത്ത് ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ പരിശുദ്ധ പിതാവ് എത്രയും വേഗം ആരോഗ്യം പൂർണ്ണമായി വീണ്ടെടുക്കുന്നതിനും സാർവ്വത്രികസഭയിലെ നേതൃത്വ ശുശ്രൂഷഫലപ്രദമായി തുടർന്നും നിർവഹിക്കുന്നതിനും വേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനയാൽ നമ്മുടെ സഭ മുഴുവനിലും പ്രത്യേകിച്ചു സിനഡു സമ്മേളനത്തിലും ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

Ref: 3543/K-5/KCBC/OL/DS 26.07.2021

# 8 ആഗസ്റ്റ് 2021 ഞായർ
# തടവറ പ്രേഷിതദിനം

*തടവറ പ്രേഷിത ദിനത്തോടനുബന്ധിച്ച് കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ.*

**കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ഏശയ്യായുടെ പുസ്തകത്തിൽ കാണുന്ന ഈ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത്. തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ തടവുകാരൻആണ് ഇ ൗശോ; പരിശുദ്ധനായ തടവുകാരൻ. അവിടന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവിടുന്ന് മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതികരണ ത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2കോറി 5:21).

"തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ" (ഹെബ്രാ 13:3) എന്ന ദൈവവചനം എത്രയധികം അവരെ കരുതുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. തടവുകാരുടെ ദയനീയ അവസ്ഥ നാം തിരിച്ചറിയേണ്ടതാണ്. അവർ നേരിടുന്ന അപമാനം, പ്രതീക്ഷയില്ലായ്മ, നിസ്സഹായ മനോഭാവം, മനുഷ്യത്വത്തിന് യോജിക്കാത്ത

അവസ്ഥകൾ, അവരുടെ കുടുംബത്തിന്റെ അവസ്ഥ എന്നിവ നമ്മെ അസ്വസ്ഥരാക്കണം. കർത്താവ് ചോദിക്കുന്നു: ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? (cf: മത്താ 25: 36). സാഹചര്യങ്ങളുടെ സമ്മർദം കൊണ്ടാണ് ഒട്ടുമിക്കവരും കുറ്റകൃത്യങ്ങൾക്ക് അടിമകളായിത്തീർന്നത്. അവർക്കു വേണ്ടിയും അവരുടെ കുടുംബങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാനും അവരെ സഹായിക്കാനും നമുക്ക് കടമയുണ്ട്. സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനു വേണ്ടി ഭാരത കത്തോലിക്കാസഭ തടവറപ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ് മില്ല്യൻ മരിയ കോൾബെയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവറ പ്രേക്ഷിത ദിനമായി ആഘോഷിക്കുകയാണ്.

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ നാമെല്ലാവരും ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും രോഗങ്ങളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകളിലെ അനുഭവങ്ങൾ നമ്മെ സഹായിക്കുന്നു. 2019 ലെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിലെ ജയിലുകളിലുള്ള തടവുകാരിൽ എഴുപതു ശതമാനം ആളുകളും വിചാരണ നേരിട്ട് കൊണ്ടിരിക്കുന്നവരും കുറ്റാരോപിതരുമാണ്. മുപ്പത് ശതമാനം പേർ മാത്രമാണ് നിയമത്തിന്റെ മുൻപിൽ കുറ്റക്കാരെന്ന് വിധിക്കപ്പെട്ടിട്ടുള്ളത്. നിരപരാധികളായ അനേകം മനുഷ്യർ ഇന്ന് ജയിലുകളിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. കുറ്റാരോപിതർ എല്ലാവരും കുറ്റക്കാരാണ് എന്ന സമൂഹത്തിന്റെ മനോഭാവം അപലപനീയമാണ്. കുറ്റാരോപിതനായി മുംബൈയിലെ തലോജ ജയിലിൽ അടയ്ക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകനും ഈശോസഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തി. തടവറയിൽ അടയ്ക്കപ്പെട്ട മനുഷ്യരുടെ ദയനീയാവസ്ഥയെക്കുറിച്ച് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'എല്ലാവരും സോദരർ' എന്ന തന്റെ ചാക്രികലേഖനത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "എല്ലാ ക്രൈസ്തവ വിശ്വാസികളും നന്മ ആഗ്രഹിക്കുന്നവരും നിയമപരവും അല്ലാതെയുമുള്ള എല്ലാത്തരം വധശിക്ഷയും നിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഇന്ന് സജീവമായി ഏർപ്പെടുകയും, മാത്രമല്ല ജയിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു

ന്നതിനുവേണ്ടി ശബ്ദമുയർത്തുകയും ചെയ്യുന്നവരാകണം. കാരണം സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവർക്ക് മനുഷ്യാന്തസ് നിലനിർത്തുവാനുള്ള അവകാശമുണ്ട്. ഒരു കൊലപാതകി പോലും അവന്റെ മനുഷ്യാന്തസ്സ് നഷ്ടപ്പെടുത്തുന്നില്ല. ഏറ്റവും കൊടിയ കുറ്റവാളിക്കുള്ള അന്തസ് ഞാൻ നിഷേധിക്കാതിരുന്നാൽ ഏതൊരു മനുഷ്യന്റെയും അന്തസിനെ മാനിക്കാൻ എനിക്കും സാധിക്കും. എല്ലാ വ്യത്യാസങ്ങൾക്കും അപ്പുറം എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ സഹവസിക്കാനുള്ള സാധ്യത ഞാൻ അംഗീകരിക്കുകയും ചെയ്യും" (*Fratelli tutti* : 268 - 269). കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷകൾ മനുഷ്യ അന്തസ്സിനെ മാനിക്കുന്നതും അവരെ മനഃപരിവർത്തനത്തിലേക്കും നന്മയിലേക്കും നയിക്കുന്നതുമാകണമെന്നാണ് പരിശുദ്ധ പിതാവ് ഇവിടെ അർത്ഥമാക്കുന്നത്.

നമ്മുടെ പാപാവസ്ഥയിലേക്ക് ദൈവം ഇറങ്ങി വന്നു! നമ്മൾ നഷ്ടപ്പെട്ടവരായപ്പോൾ ദൈവം താഴേക്കു വന്നു! ദൈവത്തിന്റെ കണ്ണുകളിൽ നമുക്ക് ഒരിക്കലും മൂല്യം നഷ്ടപ്പെടുന്നില്ല, നാം എപ്പോഴും അവിടുത്തെ കാഴ്ചയിൽ വിലപ്പെട്ടവരായി നിലകൊള്ളുന്നു. എന്തെന്നാൽ, ദൈവം അനന്ത സ്നേഹമാണ്. അഗ്നിക്ക് ചൂടില്ലാതിരിക്കാൻ കഴിയാത്തതുപോലെ ദൈവത്തിന് സ്നേഹിക്കാതിരിക്കാനും കഴിയില്ല. ഒരുവനും മാനസാന്തരത്തിന് അതീതനല്ല എന്ന ദർശനമാണ് തടവറ പ്രേഷിതത്വം ഉൾക്കൊള്ളുന്നത്. നമ്മുടെ കർത്താവ് 'നല്ലകള്ളന്' പറുദീസ ഉറപ്പുവരുത്തിക്കൊണ്ട് ഒരുവനും രക്ഷയ്ക്ക് അപ്പുറത്തല്ല എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുരക്ഷിതത്വമുള്ള തടവറകളുടെ ഭിത്തികൾക്കു പിന്നിൽ കഠിനഹൃദയരായ കുറ്റവാളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി രൂപാന്തരപ്പെടുന്ന അനുഭവങ്ങളാണ് തടവറപ്രേക്ഷിത പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നത്. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്" (മർക്കോ 2:17) എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥം നമുക്ക് ആഴമായി ഗ്രഹിക്കാൻ കഴിയണം. യേശു ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം പാപികളെ വിളിക്കുകയും നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു. കുരിശിൽ കിടന്ന് "എനിക്ക് ദാഹിക്കുന്നു" എന്ന് വിലപിച്ച ഈശോ ഇന്ന് തടവറകളുടെ ഇരുണ്ടമുറികളിൽ കഴിയുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ദാഹിക്കുന്നുണ്ട്.

തടവറകളുടെ പുനരധിവാസത്തിനും രക്ഷയ്ക്കും വേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന്റെ ശ്രേഷ്ഠ മായ ഈ ജോലിയിൽ ഒരു ഭാഗമായിത്തീരാൻ നിങ്ങൾ ആഗ്രഹിക്കു ന്നുണ്ടെങ്കിൽ മൂന്നുവിധത്തിൽ ശുശ്രൂഷാധർമ്മം നിർവഹിച്ച് നിങ്ങൾക്കത് സാധ്യമാക്കാവുന്നതാണ്.

ഒന്നാമതായി, യേശു സാഹോദര്യ കൂട്ടായ്മ അഥവാ തടവറ പ്രേഷിത ശുശ്രൂഷയുടെ ഉത്ഭവം ദിവ്യകാരുണ്യത്തിൽ നിന്നാണ്. ദിവ്യ കാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച മണിക്കൂറുകൾ ഈ ശുശ്രൂഷ യുടെ വളർച്ചയ്ക്കുള്ള അനുഗൃഹീതമായ നിമിഷങ്ങളാണ്. ഓരോ സന്ദർശനത്തിനും മുൻപ് അംഗങ്ങൾ പ്രാർത്ഥനയിൽ അഭയം പ്രാപി ക്കുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ഉപവസിക്കുകയും ചെയ്യു ന്നു. അടിസ്ഥാനപരമായി തടവറ പ്രേഷിത കൂട്ടായ്മ എന്നത് ഒരു പ്രാർത്ഥനാ സമൂഹമാണ്. ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേ ർന്ന് നിങ്ങൾക്കും തടവറ പ്രേഷിതരാകാം.

രണ്ടാമതായി, നിങ്ങൾക്ക് ജയിലുകളും തടവറ പ്രേഷിത കൂട്ടാ യ്മയുടെ പുനരധിവാസ കേന്ദ്രങ്ങളും തടവറമക്കളുടെ കുട്ടികൾക്കു വേണ്ടിയുള്ള ഭവനങ്ങളും സന്ദർശിക്കാം. "എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു; സമൂഹം എന്നെ ഒരു കുറ്റവാളിയായി മാത്രം പരിഗണി ക്കുന്നു; നിങ്ങൾ എന്നെ സഹായിച്ചില്ലെങ്കിൽ വേറെ ആരെന്നെ സഹാ യിക്കും? ഞാൻ ജയിൽ വിമുക്തനാകുമ്പോൾ എനിക്ക് ഒരു ജോലിത രാൻ ആരും ധൈര്യപ്പെടുകയില്ല; ദയവായി എനിക്ക് ഒരു ജോലി സംഘ ടിപ്പിച്ചു തരാമോ?" തടവറക്കാർ നടത്തുന്ന ഹൃദയഭേദകമായ ഈ വിലാപം യേശു സാഹോദര്യ കൂട്ടായ്മ ശുശ്രൂഷകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതിന്റെ ഫലമാണ് 1991- ൽ സ്ഥാപിച്ച സ്നേഹാശ്രമം എന്ന പുനരധിവാസകേന്ദ്രം. ഇന്ന് കേരളത്തിൽ തടവറ പ്രേഷിത കൂട്ടായ്മ ജയിൽ വിമുക്തരായ വ്യക്തികൾക്കും അവരുടെ മക്കൾക്കുംവേണ്ടി 10 പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

മൂന്നാമതായി, തടവറമക്കളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി തടവറ പ്രേഷിത കൂട്ടായ്മയെ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്ക് കഴിയും. ഈ പ്രേഷിത കൂട്ടായ്മയുടെ ഒരു അടിസ്ഥാന തത്ത്വം "പങ്കുവയ്ക്കലാണ്". തടവറയിൽ കഴിയുന്നവർക്ക് നല്ല ഭാവി

സൃഷ്ടിക്കാനും അവരുടെ കുടുംബങ്ങളെ സമുദ്ധരിക്കാനും നമുക്കൊരുമിച്ച് കൈകോർക്കാം. ആളുകളെ വ്യക്തിപരമായി കണ്ടുമുട്ടി സുമനസ്സുകളുടെ സഹായത്തോടെ പദ്ധതികളും ദർശനങ്ങളും യാഥാർത്ഥ്യമാക്കുന്ന ശൈലിയാണ് യേശുസാഹോദര്യത്തിനുള്ളത്. കർത്താവിന്റെ ഈ ചെറിയവർക്കുവേണ്ടി ആത്മാർത്ഥമായി ഉള്ളതിൽ നിന്ന് പങ്കുവയ്ക്കുമ്പോൾ നാം കർത്താവിനുതന്നെയാണ് നൽകുന്നതെന്ന കാര്യം മറക്കാതിരിക്കാം.

കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽവകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അനുവാദം നൽകിയിട്ടുണ്ട്. കേരളത്തിലെ 32 രൂപതകളിലും ഡയറക്റ്റർ അച്ചൻമാരുടെ നേതൃത്വത്തിൽ 50 -ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്ന് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻമ്പത് മേജർ സെമിനാരികളിലും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. വൈദികവിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷകൾ സ്തുത്യർഹമാണ്. അനേകം അൽമായരും സമർപ്പിതരും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവ്വകമായ അനുമോദനവും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിത ദിനത്തിൽ ഇടവകകളിൽ നിന്ന് ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷവും പല പരിമിതികളുമുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും സാധിക്കുന്ന വിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി യിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുന്നാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

N:B: 2021 ആഗസ്റ്റ് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3540/K-5/KCBC/OL/DS 26.07.2021

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട - നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷിക വൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവന മാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരള സംസ്കാരം. എന്നാൽ കർഷക ജനതയുടെ നിലനില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണി യിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോസി' യുടെ അഞ്ചാം വർഷത്തിൽ കേരള സഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുത കുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനുശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം

അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു. കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

**(1) ആരാണ് കർഷകൻ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

**(2) ഏതെല്ലാം കൃഷികൾ?**

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാരമത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

**(3) ആർക്കെല്ലാം അംഗത്വം?**

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി

വരും. അർധ വാഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

**(4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

* ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡൻറിറ്റി കാർഡ് / എസ് എസ് എൽ സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും;

എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺ മക്കളുടെയും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനുകൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാ ശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതിമാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര - ചെറുകിട കർഷ കർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടു ക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി,

കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക. പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശു ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ,**
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല,**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ,**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം,
കൊച്ചി - 682 025




## 1. പുതിയ നിയമനങ്ങൾ

ഫാ. നോബിൾ പുതിയിടത്ത് (പിയറിസ്റ്റ്)
അസി. വികാരി ഭീമനടി

ഫാ. ജോസഫ് കുന്നേൽ (പിയറിസ്റ്റ്) - അസി. വികാരി കാഞ്ഞങ്ങാട്

## 2. ബഹു. വൈദികരുടെ വാർഷികധ്യാനം

തലശ്ശേരി അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ ഇക്കൊല്ലത്തെ വാർഷികധ്യാനം 2021 നവംബർ മാസം ഒന്നുമുതൽ അഞ്ചു വരെയായിരിക്കും നടത്തപ്പെടുന്നത്. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹുമാനപ്പെട്ട വൈദികരാണ് ധ്യാനം നയിക്കുന്നത്.

## 3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 110-ാം ജന്മവാർഷികം

തലശ്ശേരി അതിരൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 110-ാം ജന്മദിനമാണ് ആഗസ്റ്റ് 4-ാം തീയതി വന്ദ്യപിതാവിനെ അനുസ്മരിച്ച് പ്രാർത്ഥിക്കാം.

## 4. ആഗസ്റ്റ് 4 വിയാനി ഡേ

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാണ് ആഗസ്റ്റ് 4. എല്ലാ സഹോദര വൈദികർക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. ഇടവക വൈദികർക്കുവേണ്ടി ഈ ദിനം പ്രത്യേകം പ്രാർത്ഥിക്കാം.

## 5. അഭിനന്ദനങ്ങൾ

**റവ. ഡോ. തോമസ് വടക്കേമുളഞ്ഞനാൽ**: ബാംഗ്ലൂർ ക്രൈസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റിയിൽനിന്നും മാനേജ്മെന്റ് സ്റ്റഡീസിൽ പി.എച്ച്.ഡി. കരസ്ഥമാക്കിയ ഫാ. തോമസ് വടക്കേമുളഞ്ഞിനാൽ (റവ. ഡോ. ജെനിമോൻ വി. ജോസഫ്) ന് ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**റവ. ഡോ. സക്കറിയാസ് കാരിക്കൽ:** (അമേരിക്കയിലെ പെയ്സ് യൂണിവേഴ്സിറ്റിയിൽനിന്നും മാനേജ്മെന്റ് സ്റ്റഡീസിൽ പി.എച്ച്.ഡി.

കരസ്ഥമാക്കിയ ഫാ. സക്കറിയാസ് കാരിക്കൽ (റവ. ഡോ. റോജിൻ കാരിക്കൽ) ന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 6. ആദരാഞ്ജലികൾ

**ശ്രീ ജേക്കബ് മേനപ്പാട്ട്പടിക്കൽ (59):** ബഹുമാനപ്പെട്ട തോമസ് മേനപ്പാട്ടുപടിക്കൽ അച്ചന്റെ വത്സലപിതാവ് ശ്രീ ജേക്കബ് മേനപ്പാട്ട്പടിക്കൽ 2021 ജൂലൈ 4-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം ജൂലൈ 5-ന് ഭീമനടി ക്രിസ്തുരാജാ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതന് നിത്യശാന്തി നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീ തോമസ് കൊരട്ടിപറമ്പിൽ (92):** ബഹുമാനപ്പെട്ട ജോസഫ് കൊരട്ടിപ്പറമ്പിലച്ചന്റെ സഹോദരൻ തോമസ് 2021 ജൂലൈ 1-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം ജൂലൈ 2-ന് പൈസക്കരി ദൈവമാതാ ഫൊറോന പള്ളിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതന് നിത്യശാന്തി നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീമതി അൽഫോൻസ അഗസ്റ്റിൻ പാറക്കടവിൽ (74):** ബഹുമാനപ്പെട്ട ജോസ് മുണ്ടയ്ക്കലച്ചന്റെ സഹോദരി ശ്രീമതി അൽഫോൻസ അഗസ്റ്റിൻ പാറക്കടവിൽ 2021 ജൂലൈ 14-ന് നിര്യാതയായി. മൃതസംസ്ക്കാരം ജൂലൈ 15-ന് കുന്നോത്ത് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതക്ക് നിത്യശാന്തി നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീ സ്റ്റീഫൻ നെടുമറ്റത്തിൽ :** കരുവഞ്ചാൽ ശാന്തിഭവൻ വൈദികമന്ദിരത്തിൽ ബഹുമാനപ്പെട്ട അച്ചന്മാരെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ശ്രീ സ്റ്റീഫൻ നെടുമറ്റത്തിൽ 2021 ജൂലൈ 13-ന് നിര്യാതനായി. മൃതസംസ്ക്കാരം ജൂലൈ 14-ന് അരീക്കമല സെന്റ് ജോസഫ്സ് ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതന് നിത്യശാന്തി നേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**സി. ബോസ്കോ മരിയ കണയങ്കൽ വെള്ളാപ്പള്ളിൽ SH (81) :** തിരുഹൃദയസന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ നിർമ്മലഗിരി സാൻജോസ് ഭവനാംഗമായ



സി. ബോസ്കോ മരിയ കണയങ്കൽ വെള്ളാപ്പള്ളിൽ (81) ജൂലൈ 18 ന് നിര്യാതയായി. പരേത കോഴിക്കോട് ജില്ലയിൽ കുളത്തുവയൽ ഇടവക, ആദ്യകാലകുടിയേറ്റ കർഷകരായ കണയങ്കൽ വെള്ളാപ്പള്ളിൽ പരേതരായ ജോസഫ്-അന്ന ദമ്പതികളുടെ പുത്രിയാണ്. അവിഭക്ത തലശ്ശേരി രൂപതയിലെ കുളത്തുവയൽ, പോരൂർ, മണിമൂളി, കട്ടിപ്പാറ, കൂരാച്ചുണ്ട്, പേരാവൂർ, കൊളക്കാട്, മാങ്കോട്, വെള്ളാട്, പൈസക്കരി, എന്നീ സ്ഥലങ്ങളിൽ അധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. സംസ്കാരം ജൂലൈ 19 ന് രാവിലെ 10.00 മണിക്ക് അഭിവന്ദ്യ. മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ പേരാവൂർ എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തി. സിസ്റ്ററിനെ ദൈവം നിത്യമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുമാറാകട്ടെ.

**6. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. - 02-08-1992
2. റവ. ഫാ. ജോസഫ് മണിയങ്ങാട്ട് - 02-08-2010
3. റവ. ഫാ. ജോസഫ് ഇടക്കര - 03-08-1973
4. റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. - 06-08-1958
5. റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. - 08-08-1993
6. റവ. ഫാ. ജോസഫ് അറക്കപ്പറമ്പിൽ - 09-08-2011
7. റവ. ഫാ. തോമസ് മാമ്പുഴക്കൽ - 13-08-1994
8. റവ. ഫാ. വർക്കി കുന്നപ്പള്ളി - 15-08-2012
9. റവ. ഫാ. ജോൺ കച്ചിറമറ്റം - 18-08-2007
10. റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം - 19-08-2007
11. റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം - 22-08-2005
12. റവ. ഫാ. ജോസഫ് കോഴികോട്ട് - 25-08-2010
13. റവ. ഫാ. ആന്റണി കുര്യാളശ്ശേരി - 26-08-2001
14. റവ. ഫാ. ജോർജ് വട്ടുകളം - 28-08-1970
15. റവ. ഫാ. സഖറിയാസ് തണ്ണിപ്പാറ - 30-08-1984
16. റവ. ഫാ. പീറ്റർ കൂട്ടിയാനി - 31-08-2014

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

Prot. No. 327/21

# DECREE

I, Mar George Njaralakatt, Archbishop of Thalassery, hereby constitute, as per the norms of CCEO cc. 264-270, the Presbyteral Council of the Archeparchy of Tellicherry for the year 2021-2024 consisting of the following members with immediate effect.

Given from the Archeparchial curia on 26th July 2021.

**Mar George Njaralakatt**
Archbishop of Thalassery

**I. Ex- Officio Members**

1. Archbishop Mar George Njaralakatt - President
2. Bishop Joseph Pamplany - Vice President
3. Msgr. Alex Tharamangalam - Syncellus
4. Msgr. Joseph Ottaplackal - Syncellus
5. Fr. Thomas Thengumpallil - Chancellor
6. Fr. John Kovoorputhenpurayil - Judicial Vicar
7. Fr. Antony Parathepathickal - Procurator
8. Fr. George Karot - Rector, St. Joseph's Minor Seminary
9. Fr. Philip Kaviyil - Director, SandesaBhavan
10. Fr. Jacob Vennayappilly - Catechism Director
11. Fr. Mathew Sasthampadavil - Corporate Manager
12. Fr. Scaria Nirappel - TSSS Director

**II. Elected Members – Age group**

i. Fr. George Elukunnel
Fr. George Pulickal
Fr. Emmanuel Poovathinkal

ii. Fr. Joseph Kalarickal
Fr. Antony Muthukunnel
Fr. Mathew Palamattam

iii. Fr. Mathew Elamthuruthipadavil
Fr. Lazar Varambakath
Fr. Sebastian Mookkilikkatt

iv. Fr. James Chellamkott
Fr. Philip Karakkatt
Fr. John Mundolickal

v. Fr. Mathew Narikkuzhy
Fr. Mathew Olickal
Fr. John Vazhakatt

vi. Fr. Thomas Cheruvil
Fr. Peter Kochuveettil
Fr. Joseph Kurisummoottil

vii. Fr. Antony Chittettu
Fr. Joseph Malakkaran
Fr. Mathew Mukkuzhy (Sr)

**III. Elected from Foranes**

| | |
|---|---|
| Alakode | Fr. George Thykunnumpuram |
| Chempanthotty | Fr. Jose Manchappally |
| Chemperi | Fr. John Onamkulam |
| Cherupuzha | Fr. Joseph Noorammakkal |
| Edoor | Fr. Antony Punnoor |
| Kanhangad | Fr. John Noorammakkal |
| Kunnoth | Fr. Thomas Attangattil |
| Marygiri | Fr. Mani Melvettam |
| Nellickampoil | Fr. Antony Anakkallil |
| Paisakkari | Fr. Kuriakose Kolakkunnel, |
| Panathady | Fr. Abraham Puthussery |
| Peravoor | Fr. Martin Parappalliyath |
| Thaliparamaba | Fr. Mathew Asariparambil |
| Thomapuram | Fr. Thomas Chittilappally |
| Vayattuparamba | Fr. Joseph Enacheril |
| Vellarikundu | Fr. Joseph Varanath |

**IV. Nominated Members**

1. Fr. Jacob Kuttikkattukunnel
2. Fr. Sebastian Edayadiyil
3. Fr. Mathew Thekkemury
4. Fr. Thomas Vadakkemuriyil
5. Fr. Sebastian Ittiyappara
6. Fr. John Kochupura CST
7. Fr. Stefan Jayaraj OFM (cap)

**V. Special Invitees**

All Forane Vicars

## വൈദികരുടെ അഖണ്ഡ ആരാധന

**AUGUST- 2021**

| | | | |
|---|---|---|---|
| 2-Aug | Vettickal Jose | 3-Aug | Chalil George CST |
| 4-Aug | Choorackal Raju VC | 5-Aug | Narimattathil Joseph CST |
| 6-Aug | Thottiyil Jomy PSDP | 7-Aug | Molath Ronald George ISCH |
| 9-Aug | Kalpakassseril MathewDaniel HGN | 10-Aug | Areechira Sebastian OCD |

## അനുസ്മരണം

## റവ. ഫാ. ജോസഫ് (ഷിബു) കീച്ചൻകേരിയിൽ (52)



തലശ്ശേരി അതിരൂപതാംഗവും കടുമേനി സെന്റ് മേരീസ് പള്ളി വികാരിയുമായ റവ. ഫാ. ജോസഫ് കീച്ചൻകേരിയിൽ നിര്യാതനായി. കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ കോവിഡാനന്തര ചികിത്സയിൽ കഴിയവേ 2021 ജൂലൈ 11 ഞായറാഴ്ച രാവിലെയായിരുന്നു തികച്ചും അപ്രതീക്ഷിതമായ ദേഹവിയോഗം.

കീച്ചൻകേരിയിൽ ജോൺ, മേരി ദമ്പതികളുടെ മകനായി മാനന്തവാടി, കണിയാരത്ത് 1969 ഡിസംബർ 7-ാം തീയതി ഷിബുവച്ചൻ ജനിച്ചു. ലൂസി, പെണ്ണമ്മ. ബോബി, റെജി എന്നിവർ സഹോദരങ്ങളാണ്. മാതാപിതാക്കൾ ആദ്യം കർണ്ണാടകയിലേക്കും പിന്നീട് കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിലേക്കും കുടിയേറി.

മാനന്തവാടി കണിയാരം സെന്റ് ജോസഫ്സ് സ്ക്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം, കണിയാരം ഫാ. ജി.കെ.എം. ഹൈസ്ക്കൂളിൽ തുടർവിദ്യാഭ്യാസം നടത്തി. ഏറ്റുമാനൂർ പി.ജെ കോളജിൽ പഠിച്ച് എംജി യൂണിവേഴ്സിറ്റിയിൽനിന്നും പിഡിസി പാസ്സായ ശേഷം 1987 -ൽ വൈദിക പരിശീലനത്തിനായി തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്നു. കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയശേഷം 1997 ജനുവരി 02 - ന് വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ

ദൈവാലയത്തിൽ വച്ച് ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റത്തിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ആലക്കോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. ബൽത്തംഗടി രൂപതയിലെ കളഞ്ച, ഗുത്തിഗാർ, ഉദനെ (ഷീരാടി) ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചശേഷം 2009 ൽ തലശ്ശേരി രൂപതയിലേക്ക് തിരികെ വന്നു. ചങ്ങനാശ്ശേരി മീഡിയാ വില്ലേജിൽ ഒരു വർഷത്തെ മാധ്യമപരിശീലനം നടത്തി. തുടർന്ന് രണ്ടാംകടവ്, ഒറ്റത്തൈ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 2018 മെയ് മാസം മുതൽ കടുമേനി സെന്റ് മേരീസ് ഇടവകയുടെ വികാരിയായി സേവനം ചെയ്ത് വരികയായിരുന്നു.

2021 ജൂലൈ 2-ാം തീയതി അച്ചന് കോവിഡ് 19 ബാധിക്കുകയും ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. കാലിൽ നീരും ശക്തമായ വേദനയും അനുഭവപ്പെട്ടതിനെത്തുടർന്ന് ജൂലൈ 9 ന് തലശ്ശേരി ജോസ്ഗിരി ആശുപത്രിയിലും തുടർന്ന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. എന്നാൽ 10-ാം തീയതി അച്ചന്റെ ആരോഗ്യനില പെട്ടെന്ന് വഷളാവുകയും 11 ന് വെളുപ്പിന് വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അച്ചന്റെ ഇരുവൃക്കകളും തകരാറിലായതും ഡയാലിസിസ് അസാധ്യമായവിധത്തിൽ രക്തസമ്മർദ്ദം കുറഞ്ഞതും രണ്ടുമൂന്ന് മണിക്കൂറുകൾക്കുള്ളിലാണ്. അതിരാവിലെതന്നെ ആശുപത്രിയിലെത്തിയ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനിപിതാവ് അദ്ദേഹത്തിന് രോഗിലേപനം നല്കി. ആരും പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു ദൈവത്തിന് ഷിബുവച്ചനെക്കുറിച്ചുള്ള പദ്ധതി. 11-07-2021 രാവിലെ 9.30 ന് അദ്ദേഹത്തിന്റെ അത്മാവ് സ്വർഗ്ഗഗേഹത്തിലേക്ക് യാത്രയായി. തികച്ചും അപ്രതീക്ഷിതമായിരുന്നു വേദനാജനകമായ ഈ വേർപാട്.

എല്ലാവർക്കും പ്രിയങ്കരനും സദാ സുസ്മേരവദനനുമായിരുന്നു ഷിബുവച്ചൻ. സഹവൈദികരോട് പുലർത്തിയിരുന്ന വലിയ സൗഹൃദം, അജഗണങ്ങളോടുണ്ടായിരുന്ന വാത്സല്യം, സദാമുഖത്തുവിരിയുന്ന നിറചിരി, മറ്റുള്ളവരിലേക്കും ഊർജ്ജസ്വലത പകരുന്ന പെരുമാറ്റം, ഞാനെന്നഭാവം അശേഷമില്ലാത്ത വ്യക്തിത്വം. അദ്ദേഹത്തിന്റെ വടിവൊത്ത കയ്യക്ഷരം പോലെ സുന്ദരമായിരുന്നു പെരുമാറ്റവും. ബൽത്തംഗടി രൂപതയുടെ ബാലാരിഷ്ടതകളിൽ അവിടെ സേവനം ചെയ്യാൻ അദ്ദേഹം സസന്തോഷം തയ്യാറായി. ബട്യാലിലും സുള്ള്യയിലും മനോ

ഹരങ്ങളായ ദൈവാലയങ്ങൾ പണികഴിപ്പിച്ചു. കടുമേനിയിൽ മനോഹരമായ ഹൈസ്ക്കൂൾ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയത് ഈ അടുത്ത നാളിലാണ്. സേവനം ചെയ്ത ഇടവകകളിലെല്ലാം സുന്ദരമായ ഓർമ്മകൾമാത്രം അവശേഷിപ്പിച്ചിട്ടാണ് അദ്ദേഹം കടന്നുപോകുന്നത്.

12-07-2021 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 12 മണിവരെ കടുമേനി സെന്റ് മേരീസ് പള്ളിയിൽ അച്ചന്റെ ഭൗതികശരീരം പൊതുദർശനത്തിന് വച്ചപ്പോൾ ഇടവക ജനങ്ങളും നാനാജാതി മതസ്ഥരായ നൂറുകണക്കിനാളുകളും അന്തിമോപചാരം അർപ്പിച്ചു. മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തിയശേഷം 12 മണിക്ക് മാതൃ ഇടവകയായ വെള്ളരിക്കുണ്ട് ലിറ്റിൽഫ്ളവർ ദൈവാലയത്തിലേക്ക് കൊണ്ടുപോയി. മൃതസംസ്ക്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് ബൽത്തംഗഡി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി നേതൃത്വം നൽകി. തുടർന്ന് വി. കുർബ്ബാനക്കും മൃതസംസ്ക്കാര ശുശ്രൂഷക്കും തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. ആർച്ച് ബിഷപ് ജോർജ്ജ് വലിയമറ്റം, ബിഷപ് ജോസഫ് പാംപ്ലാനി, മോൺ ജോസഫ് ഒറ്റപ്ലാക്കൽ, സിഎസ്ടി സഭാ സുപ്പീരിയർ ജനറൽ ഫാ. ജോജോ വരകുകാലായിൽ എന്നിവർ സഹകാർമ്മികരായിരുന്നു. വെള്ളരിക്കുണ്ട് ലിറ്റിൽഫ്ളവർ ദൈവാലയ സിമിത്തേരിയിൽ പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിൽ അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്നു.

ശാന്തനും സൗമ്യനുമായ പ്രിയ സഹോദരവൈദികൻ ഇനിയും ചെയ്തു തീർക്കാനുള്ള അനേകം ശുശ്രൂഷാദൗത്യങ്ങൾ ബാക്കിവച്ച് യാത്രയാകുമ്പോൾ അദ്ദേഹത്തിന് പ്രാർത്ഥനാപൂർവ്വം യാത്രാമൊഴി.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹ പൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരി ശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

## 2. ആഗസ്റ്റ് 4 – വിയാനി ഡേ

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയ്യതി വിശ്വാസപരി ശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യണം. ഇപ്പോഴത്തെ സാഹചര്യത്തിൽ നേരിട്ട് ആശംസകൾ നേരുവാൻ സാധ്യമല്ലാത്തതിനാൽ വിശ്വാസപരിശീലകരു ടെയും കുട്ടികളുടെയും വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി ആശംസകൾ നേരു വാൻ ശ്രദ്ധിക്കുമല്ലോ..

## 3. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനം

തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനമാണ് ആഗസ്റ്റ് 4.

## 4. രക്ഷയുടെ പാതയിൽ: വിശ്വാസപരിശീലന ക്ലാസ്സുകൾ

രക്ഷയുടെ പാതയിൽ എന്ന പേരിൽ സീറോ മലബാർ സഭയിലെ പതി മൂന്ന് രൂപതകൾ ഒരുമിച്ച് തയ്യാറാക്കുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേക്ഷണം നടന്നുകൊണ്ടിരിക്കുന്നു. ബൈബിൾ നേഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള വിശ്വാസപരിശീലന ക്ലാസ്സുകളാണ് ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ശാലോം, ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകൾ വഴി സംപ്രേക്ഷണം ചെയ്യുന്നത്.

## പ്രത്യേക നിർദ്ദേശങ്ങൾ

ഞായറാഴ്ച നമ്മൾ കുട്ടികളുടെ വിശ്വാസപരിശീലനത്തിനായി മാറ്റി വച്ച ദിവസമാണല്ലോ. രാവിലെ 10.30ന് ശാലോം ടിവിയിൽ സംപ്രേഷണം

ചെയ്യുന്ന വി. കുർബാനയോടുകൂടിയാണ് വിശ്വാസപരിശീലനം ആരംഭിക്കുക. ആ സമയം തന്നെ നമുക്കും ഉണർവ്വുള്ള അധ്യാപകരാകാം. ചില പ്രായോഗിക നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

a. ഞായർ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ ചാനലുകൾവഴി സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകൾ കുട്ടികൾ കാണുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

b. ഞായറാഴ്ച 10.30 ന് ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന വി. കുർബാനയിൽ എല്ലാ കുട്ടികളും പങ്കെടുക്കുണ്ടെന്ന് ഉറപ്പുവരുത്തുക.

c. ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ സംപ്രഷണം ചെയ്ത ക്ലാസ്സുകൾ ഞായറാഴ്ച രാവിലെ 11.45-ന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യൂട്യൂബ് ചാനലായ Catechesis Thalassery വഴി വീണ്ടും നല്കുന്നതാണ്.

d. 12 മണിമുതൽ 1 മണി വരെയുള്ള സമയം നിർബന്ധമായും എല്ലാ അധ്യാപകരും വിശ്വാസപരിശീലനത്തിനായി വിനിയോഗിക്കുക. Zoom, Google Meet, Whats App തുടങ്ങിയ വ്യത്യസ്ത ആപ്ലിക്കേഷനുകൾ ക്ലാസ്സെടുക്കുവാനായി വിനിയോഗിക്കുക.

e. ഓരോ അധ്യായത്തിന്റെയും സംപ്രേഷണം കഴിയുമ്പോൾ കുട്ടികൾക്ക് പരീക്ഷ ഉണ്ടായിരിക്കും. ചോദ്യങ്ങൾ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതാണ്.

f. പാഠഭാഗത്തിന്റെ നോട്ട് തയ്യാറാക്കി ഫോട്ടോ എടുത്ത് വാട്ട്സ് ആപ്പ് ഗ്രൂപ്പിലേയ്ക്ക് പോസ്റ്റ് ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുക.

g. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ഹോംവർക്കുകൾ പൂർത്തിയാക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ഹാജരും ഇന്റേണൽ മാർക്കും നല്കുക. ഹാൻഡ് ബുക്കിൽ അവയെല്ലാം രേഖപ്പെടുത്തുക.

h. വിശുദ്ധരെ പരിചയപ്പെടൽ, സഭാവാർത്തകൾ, വചനവിചിന്തനം, ബൈബിൾ ക്വിസ്സ്, കുടുംബത്തിൽ ചെയ്ത നന്മപ്രവൃത്തികളെകുറിച്ചുള്ള അനുഭവസാക്ഷ്യം, തിരുവചനപഠനം തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ ഞായറാഴ്ചയും ചെയ്യുന്നതിന് ക്ലാസ്സിലെ കുട്ടികളെ നിശ്ചയിക്കുകയും അവർ അവ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

i. കുട്ടികളുടെ വിശ്വാസം, പഠനം മുതലായ കാര്യങ്ങൾ എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും ഹാൻഡ്ബുക്കിൽ രേഖപ്പെടുത്തുക. എല്ലാ വിശ്വാസപരിശീലകർക്കും ഹാൻഡ്ബുക്ക് ഉണ്ടെന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തുക.

j. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ലഭിച്ചിട്ടുണ്ടെന്ന് ക്ലാസ്സ് ടീച്ചർ ഉറപ്പുവരുത്തണം.

k. ടിവി, വാട്ട്സ്ആപ്പ് സൗകര്യം ഇല്ലാത്ത കുട്ടികളെ പ്രത്യേകം പരിഗണിക്കണം. അങ്ങനെയുള്ള കുട്ടികളെ ക്ലാസ്സ് ടീച്ചർ ഫോൺ വിളിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തണം.

l. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനകളരി. സ്വന്തം മക്കളെ വിശ്വാസത്തിൽ വളർത്തുന്നതിനും ആഴപ്പെടുത്തുന്നതിനും ആവശ്യമായ പ്രോത്സാഹനം മാതാപിതാക്കൾക്ക് നല്കുക. ഓൺലൈൻ ക്ലാസ്സുകളിൽ കുട്ടിയുടെ പങ്കാളിത്തം, ഹോംവർക്കുകൾ തയ്യാറാക്കി നല്കുന്നത്, പാഠഭാഗങ്ങൾ പഠിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ യഥാസമയം മാതാപിതാക്കളെ അറിയിക്കുക.

പ്രിയപ്പെട്ട വിശ്വാസപരിശീലകരെ, കുട്ടികൾ വിശ്വാസത്തിലും, സന്മാർഗചിന്തയിലും മൂല്യബോധത്തിലും വളരുന്നതിന് നമ്മൾ ആത്മാർത്ഥമായി പരിശ്രമിക്കണം. ഓൺലൈൻ വിശ്വാസപരിശീലന ക്ലാസ്സുകൾ വിജയത്തിലെത്തണമെങ്കിൽ വിശ്വാസപരിശീലകരുടെ നിസ്വാർത്ഥമായ സഹകരണം അത്യന്താപേക്ഷിതമാണെന്ന കാര്യം ഓർമ്മിക്കുമല്ലോ.

## 5. ആഗസ്റ്റ് മാസത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം, ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ യുട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ നല്കുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും:

| | | |
|---|---|---|
| 01-08-2021 | ഞായർ | - അദ്ധ്യായം 4 പാർട്ട് 2 |
| 08-08-2021 | ഞായർ | - അദ്ധ്യായം 5 പാർട്ട് 1 |
| 15-08-2021 | ഞായർ | - അദ്ധ്യായം 5 പാർട്ട് 2 |
| 22-08-2021 | ഞായർ | - അദ്ധ്യായം 6 പാർട്ട് 1 |
| 29-08-2021 | ഞായർ | - അദ്ധ്യായം 6 പാർട്ട് 2 |

## 6. ക്ലാസ്സ് ടെസ്റ്റ്

ഓരോ അധ്യായത്തിന്റെയും ക്ലാസ്സുകൾ കഴിയുമ്പോൾ കുട്ടികൾക്ക് മോഡൽ പരീക്ഷ ഉണ്ടായിരിക്കും. ചോദ്യങ്ങൾ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നൽകുന്നതാണ്. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നൽകുന്ന ഓൺലൈൻ വർക്കുബുക്കിൽ പാഠസംഗ്രഹം, ലഭിക്കേണ്ട ബോധ്യങ്ങൾ, ഉണ്ടാകേണ്ട മനോഭാവം, വളർത്തേണ്ട ശീലങ്ങൾ, മനഃപാഠമാക്കാം, ആക്റ്റിവിറ്റി, ഉത്തരം കണ്ടെത്താം എന്നിങ്ങനെ ഏഴ് വ്യത്യസ്ത വിഭാഗങ്ങൾ ഉണ്ടായിരിക്കും. **"ഉത്തരം കണ്ടെത്താം"** എന്ന ഭാഗത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കുട്ടികൾ കണ്ടെത്തി ടീച്ചറിന് അയച്ചുകൊടുക്കണം.

## 7. ഓറിയന്റേഷൻ ക്ലാസ്സുകൾ - കുട്ടികൾക്ക്

ഓഗസ്റ്റ് 14-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.30ന് 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ

ഉണ്ടായിരിക്കും. 4 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് **"വിശുദ്ധ കുർബാനയാകുന്ന വിസ്മയം ഭാഗം 3"** ആണ് അന്നേദിവസം നൽകുന്നത്.

## 8. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ആഗസ്റ്റ് രണ്ടാമത്തെ ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഓൺലൈൻ ക്ലാസ്സുകളിലെ കുട്ടികളുടെ പങ്കാളിത്തം വിലയിരുത്തണം. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ ഓൺലൈൻ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏൽപ്പിക്കണം

## 9. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന വികാരിച്ചൻ അധ്യക്ഷനായുള്ള ഫൊറോനകമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ് മുതലായവ ഓഫീസിലേയ്ക്ക് നല്കേണ്ടതാണ്.

## 10. സർവ്വേ ഫോറം

2021 -2022 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേഫോം ഇനിയും അയയ്ക്കാത്തവർ **ആഗസ്റ്റ് 10-ന്** മുമ്പായി ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ.

## 11. നവോദയ-സ്പോർട്സ് സ്കൂളുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനം

സൺഡേസ്കൂളുകളിൽ റഗുലറായി പഠിക്കുവാൻ സാധിക്കാത്ത 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമായുള്ള അവധിക്കാല വേദപാഠക്ലാസ്സുകൾ കഴിഞ്ഞ രണ്ടുവർഷമായി നടത്തുവാൻ സാധിച്ചിട്ടില്ല. ഈ കുട്ടികൾ സ്കൂളിലെ റഗുലർ ക്ലാസ്സ് തുടങ്ങുന്നതുവരെ സൺഡേസ്കൂളിൽ റെഗുലറായി ചേർന്ന് പഠിക്കണം. ബഹു. ഹെഡ്മാസ്റ്റർ നവോദയ-സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

## 12. ASPCT -പഠനപുസ്തകം

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുവാൻ തയ്യാറാക്കിയിരിക്കുന്നത് ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ എഴുതിയ **"ആരാണ് നിങ്ങളുടെ ദൈവം"** എന്ന പുസ്തകമാണ്.

എല്ലാ വിശ്വാസപരിശീലകർക്കും ഈ പുസ്തകത്തിന്റെ ഓരോ കോപ്പി നിർബന്ധമായും ഉണ്ടായിരിക്കണം. ഈ പുസ്തകത്തെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ നൽകുന്നതാണ്.

## 13. സ്നേഹവീട് - ഭവനപദ്ധതി

താഴെ പേര് നല്കിയിരിക്കുന്ന സൺഡേസ്കൂളുകൾ ജൂലൈ മാസത്തിൽ സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ ആഗസ്റ്റ് മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ. ഉടൻതന്നെ ഭവനത്തിന്റെ പണികൾ ആരംഭിക്കുന്നതാണ്.

### സംഭാവന നൽകിയ സൺഡേ സ്കൂളുകൾ

| | | | | | |
|---|---|---|---|---|---|
| കാലിച്ചാമരം | - 5000.00 | വെളിമാനം | - 10000.00 | രാജമുടി | - 6000.00 |
| കാഞ്ഞിരടുക്കം | - 6500.00 | പയ്യാവൂർ | - 4500.00 | ആനമഞ്ഞൾ | - 7800.00 |
| കാവുന്തല | - 5750.00 | തടിക്കടവ് | - 5000.00 | കുന്നുംകൈ | - 5000.00 |
| ശ്രീകണ്ഠാപുരം | - 12000.00 | മണ്ടളം | - 5000.00 | ഉദയപുരം | - 6500.00 |
| കോടോത്ത് | - 5000.00 | ചന്ദനക്കാംപാറ | - 5000.00 | തോമാപുരം | - 25000.00 |
| ജയഗിരി | - 2000.00 | | | | |

## 14. എയ്ഞ്ചൽ നേഴ്സറി

സീറോ മലബാർ കാറ്റക്കിസം കമ്മീഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നേഴ്സറി കുട്ടികളുടെ ക്ലാസ്സുകൾ ഞായറാഴ്ച ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ചാനലുകളിലും തിങ്കളാഴ്ച ശാലോം ടീവിയിലും സംപ്രേഷണം ചെയ്യുന്നുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഓഫീസിൽ ലഭ്യമാണ്. മാതാപിതാക്കളെ ഈ വിവരം അറിയിക്കുമല്ലോ...

## 15. ഡിഡാക്കേ 2021

മാതാപിതാക്കൾക്കായി രണ്ട് ഓറിയന്റേഷൻ ക്ലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യൂട്യൂബ് ചാനലായ Catechesis Thalassery വഴി സംപ്രേഷണം ചെയ്തു. പ്രസിദ്ധ വചനപ്രഘോഷകൻ ജോസഫ് പുത്തൻ പുരയ്ക്കലച്ചൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പങ്കെടുത്ത എല്ലാ മാതാപിതാക്കൾക്കും നന്ദി.

## 16. ദൈവശാസ്ത്രകോഴ്സ്

വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സിൽ എല്ലാ അധ്യാപകരും പങ്കെടുക്കണം. ഇടയ്ക്കുവച്ച് പഠനം മുടങ്ങിപ്പോയവരും നിർബന്ധമായും BTH കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകളായിരിക്കും നൽകുക. വിശ്വാസപരിശീലകർക്ക് 3000 രൂപയാണ് കോഴ്സ് ഫീ. രജിസ്ട്രേഷൻ ഫോം പ്രധാനാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പു വഴി നൽകിയിട്ടുണ്ട്.

## 17. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകൾക്കും ഓഫീസ് ഉണ്ടായിരിക്കണം. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കണം.

## 18. ഗൂഗിൾ മീറ്റ്-ട്രെയിനിംഗ്

ഗൂഗിൾ മീറ്റ് വിശദമായി പഠിപ്പിക്കുന്നതിനുവേണ്ടി വിശ്വാസപരിശീലകർക്കായി ജൂലൈ 10 ശനിയാഴ്ച ക്ലാസ്സ് സംഘടിപ്പിച്ചു. സൺഡേ സ്കൂളുകളിൽ നിന്നും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള മൂന്ന് വിശ്വാസപരിശീലകരാണ് ട്രെയിനിംഗിൽ പങ്കെടുത്തത്. ബഹു. സോണി വടശ്ശേരിൽ അച്ചൻ ക്ലാസ്സിന് നേതൃത്വം നൽകി. ട്രെയിനിംഗിൽ 434 വിശ്വാസപരിശീലകർ പങ്കെടുത്തു.

## 19. അഭിനന്ദനങ്ങൾ

വെള്ളരിക്കുണ്ട് ഫൊറോന മതബോധനസമിതിയുടെ നേതൃത്വത്തിൽ "അറ്റൻസിയോണെ" എന്ന പേരിൽ വിശ്വാസപരിശീലകർക്കായി വെബിനാർ നടത്തി. വിശ്വാസപരിശീലകരെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ചാണ് വെബിനാർ സംഘടിപ്പിച്ചത്. അഭിവന്ദ്യപിതാക്കൻമാർ വെബിനാറിൽ പങ്കെടുത്തു സംസാരിച്ചു. നേതൃത്വം നൽകിയ ഫൊറോന വികാരി വെരി. റവ. ഡോ. ജോൺസൺ അന്ത്യാംകുളം അച്ചനും ഫൊറോന പ്രസിഡന്റ് ശ്രീ. ജോൺസൺ ചെത്തിപ്പുഴ സാറിനും ഫോറോന മതബോധന സമിതി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

## 20. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021-2022 പ്രവർത്തനവർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട തുകകൾ അടച്ച് സഹകരിക്കുമല്ലോ. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 21. പാഠപുസ്തകങ്ങൾ

ചില സൺഡേ സ്കൂളുകളിൽ കുട്ടികൾക്ക് ഇതുവരെയും പാഠപുസ്തകങ്ങൾ ലഭിക്കാത്തതായി അറിയാൻ കഴിഞ്ഞു. എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ ഓഫീസിൽ തുറന്നു പ്രവർത്തിക്കുന്നതാണ്.

## 22. ഉപപാഠപുസ്തകങ്ങൾ

ഒന്ന് മുതൽ മൂന്നുവരെയുള്ള ക്ലാസ്സുകളിലെ ഉപപാഠപുസ്തകങ്ങൾ ഈ വർഷം പുതുതായി തയ്യാറാക്കിയവയാണ്. അതിനാൽ എല്ലാ കുട്ടികളും പുതിയ ഉപപാഠ പുസ്തകങ്ങൾ വാങ്ങേണ്ടതാണ്. ഉപപാഠപുസ്തകങ്ങൾ ഒക്ടോബർ മാസത്തിൽ ഫൊറോന കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതാണ്.

## 23. Catechisis Thalassery - മൊബൈൽ ആപ്പ്

വിശ്വാസപരിശീലനകേന്ദ്രം Catechisis Thalassery എന്ന പേരിൽ മൊബൈൽ ആപ്പ് ആരംഭിച്ചിരിക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ എല്ലാ വരിലേയ്ക്കും എളുപ്പത്തിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആപ്ലിക്കേഷൻ ആരംഭിച്ചിരിക്കുന്നത്. വിശ്വാസപരിശീലകർക്കും മാതാ പിതാക്കൾക്കും കുട്ടികൾക്കും പ്ലേസ്റ്റോറിൽ നിന്നും ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വിശ്വാസപരിശീലനക്ലാസ്സുകൾ, ഉപപാഠക്ലാസ്സുകൾ, ബൈബിൾ നേഴ്സറി ക്ലാസ്സുകൾ പ്രഥമദിവ്യകാരുണ്യ സ്വീകരണ ക്ലാസ്സുകൾ, മാതാ പിതാക്കൾക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കുമുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ എന്നിവയെല്ലാം ഈ ആപ്ലിക്കേഷൻവഴി കാണാൻ സാധിക്കും. കൂടാതെ, അതിരൂപതയുടെ വെബ്സൈറ്റ്, വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റ്, യൂട്യൂബ് ചാനൽ എന്നിവയിലേയ്ക്കെല്ലാം ഈ ആപ്ലിക്കേ ഷനിലൂടെ നേരിട്ടുപ്രവേശിക്കാൻ സാധിക്കും.

## 24. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴു താൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫ റൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോ ദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊ ടുക്കുന്നു.

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 2021–22 അദ്ധ്യയന വർഷ ഉദ്ഘാടനം

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2021–22 അദ്ധ്യയന വർഷം ജൂലായ് മൂന്നാം തിയ്യതി ദുക്റാന തിരുനാളിൽ ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മാർ ജോർജ്ജ് ഞറളക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണവും ഫാ. ഫിലിപ്പ് കവിയിൽ അനുഗ്രഹ പ്രഭാഷണവും ഫാ. ടോം ഓലിക്കരോട്ട് സ്വാഗത പ്രഭാഷണവും നടത്തി.

## തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം

തിയോളജി കോഴ്സിന്റെ ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ അതാത് സ്റ്റഡി സെന്ററുകളിൽ എത്തിച്ചിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പായി എല്ലാ വിദ്യാർത്ഥികളും പുസ്തകങ്ങൾ കൈപ്പറ്റുമല്ലോ.

## ബിരുദ ബിരുദാനന്തര ക്ലാസ്സുകളുടെ സമയക്രമീകരണം

2021 വർഷത്തെ ആദ്യ സെമസ്റ്ററിലെ ക്ലാസ്സുകൾ ഓൺലൈൻ (Zoom Platform) വഴി നടത്തുന്നതാണ്. സമയക്രമീകരണം ഇപ്രകാരമായിരിക്കും:

---

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്
3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം
6. പത്മന രാമചന്ദ്രൻ നായർ, മാധ്യമപഠനങ്ങൾ
7. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പത്രലോകം
8. എൻ. പി രാമചന്ദ്രൻ, വേണം മാധ്യമങ്ങളുടെ മേലെയും ഒരു കണ്ണ്.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

## ബി.റ്റി.എച്ച് മലയാള വിഭാഗം

| വിഷയം | തിയ്യതി | സമയം |
|---|---|---|
| ദൈവശാസ്ത്ര പ്രവേശിക | 31-07-2021 | 09.00 pm<br>10.30 pm |
| വി. യോഹന്നാന്റെ സുവിശേഷം | 14-08-2021 | 09.00 pm<br>10.30 pm |
| എസ്രാ, നെഹെമിയാ | 29-08-2021 | 09.00 pm<br>10.30 pm |
| പരി. ത്രിത്വം | 12-09-2021 | 09.00 pm<br>10.30 pm |
| ബിബ്ലിക്കൽ ഗ്രീക്ക് 1 | 18-09-2021 | 09.00 pm<br>10.30 pm |

## ബി.റ്റി.എച്ച് ഇംഗ്ലീഷ് വിഭാഗം

| വിഷയം | തിയ്യതി | സമയം |
|---|---|---|
| ദൈവശാസ്ത്ര പ്രവേശിക | 01-08-2021 | 09.00 pm<br>10.30 pm |
| വി. യോഹന്നാന്റെ സുവിശേഷം | 07-08-2021 | 09.00 pm<br>10.30 pm |
| എസ്രാ, നെഹെമിയാ | 05-09-2021 | 09.00 pm<br>10.30 pm |
| പരി. ത്രിത്വം | 19-09-2021 | 09.00 pm<br>10.30 pm |
| ബിബ്ലിക്കൽ ഗ്രീക്ക് 1 | 26-09-2021 | 09.00 pm |

## എം.റ്റി.എച്ച് മലയാള വിഭാഗം (ബിബ്ലിക്കൽ തിയോളജി)

| വിഷയം | തിയ്യതി | സമയം |
|---|---|---|
| ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം | 02-08-2021 | 09.00 pm<br>10.30 pm |
| പഴയനിയമ ദൈവശാസ്ത്രം | 22-08-2021 | 09.00 pm<br>10.30 pm |
| മെമ്മറീസ് ഓഫ് ദ ബിലൗഡ് ഡിസൈപ്പിൾ | 04-09-2021 | 09.00 pm<br>10.30 pm |
| പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ | 14-09-2021 | 09.00 pm<br>10.30 pm |
| വി. കുർബ്ബാനയുടെ ദൈവശാസ്ത്രം | 25-09-2021 | 09.00 pm<br>10.30 pm |

## എം.റ്റി.എച്ച് മലയാള വിഭാഗം (മോറൽ തിയോളജി)

| വിഷയം | തിയ്യതി | സമയം |
|---|---|---|
| പഴയനിയമ ദൈവശാസ്ത്രം | 22-08-2021 | 09.00 pm<br>10.30 pm |
| വി. കുർബ്ബാനയുടെ ദൈവശാസ്ത്രം | 25-09-2021 | 09.00 pm<br>10.30 pm |
| വിശ്വാസം ദൈവശാസ്ത്ര വീക്ഷണത്തിൽ | 03-10-2021 | 09.00 pm<br>10.30 pm |
| കുടുംബ ധാർമ്മികത | 09-10-2021 | 09.00 pm<br>10.30 pm |
| പരിസ്ഥിതി ധാർമ്മികത | 16-10-2021 | 09.00 pm<br>10.30 pm |

## എം.റ്റി.എച്ച് ഇംഗ്ലീഷ് വിഭാഗം (ബിബ്ലിക്കൽ തിയോളജി)

| വിഷയം | തിയ്യതി | സമയം |
|---|---|---|
| ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം | 03-08-2021 | 09.00 pm<br>10.30 pm |
| പഴയനിയമ ദൈവശാസ്ത്രം | 23-08-2021 | 09.00 pm<br>10.30 pm |
| മെമ്മറീസ് ഓഫ് ദ ബിലൗഡ് ഡിസൈപ്പിൾ (Thematic Study of the Fourth Gospel) | 02-09-2021 | 09.00 pm<br>10.30 pm |
| പൗലോസ് ശ്ലീഹായുടെ അജപാലന വീക്ഷണങ്ങൾ | 10-09-2021 | 09.00 pm<br>10.30 pm |
| വി. കുർബ്ബാനയുടെ ദൈവശാസ്ത്രം | 17-09-2021 | 09.00 pm<br>10.30 pm |

## ബിരുദദാന ചടങ്ങ് സെപ്റ്റംബർ മാസത്തോടെ

2020, 2021 വർഷങ്ങളിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ സെപ്റ്റംബർ മാസത്തോടെ വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതായിരിക്കും.

## എവൻഗേലിയ

പ്രശസ്ത ബൈബിൾ പണ്ഡിതനും ധ്യാനഗുരുവുമായ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെയും ടോം ഓലിക്കരോട്ട് അച്ചന്റെയും നേതൃത്വത്തിൽ നടത്തുന്ന വചനപഠന ധ്യാനം 'എവൻഗേലിയ' 2021 സെപ്റ്റംബർ മുതൽ ആരംഭിക്കുന്നു. വി. ഗ്രന്ഥത്തെ ആഴമായി പഠിക്കാൻ ആഗ്ര

ഹിക്കുന്ന വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, അത്മായ ധ്യാനശുശ്രൂഷകർ എന്നിവർക്ക് ഉപകരിക്കുംവിധമാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. 4 ദിവസം ദൈർഘ്യമുള്ള ധ്യാനത്തിൽ വി. ഗ്രന്ഥത്തിലെ ഓരോ പുസ്തകത്തെയും സവിശേഷമായും സമഗ്രമായും പഠനവിധേയമാക്കുന്നു. ഓരോ മാസത്തിലെയും അവസാന ആഴ്ചയായിരിക്കും ധ്യാനം നടത്തപ്പെടുന്നത്. 4 ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന്റെ ഫീസ് 800 രൂപയായിരിക്കും. തലശ്ശേരി സന്ദേശവനിൽവച്ചായിരിക്കും ധ്യാനം നടത്തപ്പെടുന്നത്. ഒരു ബാച്ചിൽ പരമാവധി 50 പേർക്കാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9745363277, 8086312826 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ലോഗോസ് ക്വിസ് പഠനസഹായി

2021 ഓഗസ്റ്റിൽ നടത്തുന്ന ലോഗോസ് ക്വിസ് മത്സരത്തിനുള്ള പഠനസഹായി ബൈബിൾ അപ്പസ്റ്റൊലേറ്റ് ഓഫീസിൽ ലഭ്യമാണ്. ക്വിസിന് വരുന്ന വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നുള്ള മൂവായിരത്തോളം ചോദ്യങ്ങളും മാതൃകാചോദ്യങ്ങളുമായി പ്രസാധനം ചെയ്യുന്ന പഠനസഹായി പരീക്ഷാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. വിശദവിവരങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക (ഫോൺ: 8086312826).

## സബ്സിഡി ബൈബിൾ ലഭ്യമാണ്

ഇടവകകൾക്കുള്ള സബ്സിഡി ബൈബിളുകൾ വിതരണത്തിനു തയ്യാറായി ഓഫീസിൽ എത്തിയിട്ടുണ്ട്. 135 രൂപാ നിരക്കിൽ ഒരു ഇടവകയ്ക്ക് 10 രൂപ സബ്സിഡി ബൈബിളുകളാണ് ലഭിയ്ക്കുന്നത്.

## ആൽഫാ ഓഫീസ് നമ്പറിൽ മാറ്റം

ആൽഫാ ഓഫീസിന്റെ 04902343707; 04902344727 എന്നീ നമ്പറുകൾ തകരാറിലായതുമൂലം പലർക്കും ഓഫീസുമായി ബന്ധപ്പെടുന്നതിന് ബുദ്ധിമുട്ട് നേരിട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രസ്തുത തകരാർ പരിഹരിച്ചു തരാത്തതിനാൽ ഇനിമുതൽ ഈ നമ്പറുകൾ ഉപയോഗത്തിലുണ്ടായിരിക്കുന്നതല്ല. പകരം +91 8086312826 എന്ന മൊബൈൽ നമ്പറിലോ 0490 2960027 എന്ന നമ്പറിലോ വിളിക്കാവുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പാപത്തെ പരാജയപ്പെടുത്തി, പിതൃഹിതം ജീവിച്ച് സ്വർഗ്ഗാരോപിതയായ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും അടിമത്വത്തിന്റെ ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞ് ഭാരതം സ്വാതന്ത്ര്യയായതിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷങ്ങൾ പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളർന്ന് വരുവാൻ മിഷനറിമാരായ നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തട്ടെ.

അടിമത്വത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ വിഹായുസ്സിലേക്ക് പറന്നുയരുവാൻ നമ്മെ സഹായിച്ച നല്ല വ്യക്തിത്വങ്ങളെ സ്വാതന്ത്ര്യദിനത്തിൽ നന്ദിയോടെ ഓർക്കാം...അവർക്കായി പ്രാർത്ഥിക്കാം. ആർസിലെ ശാപ ഭൂമിയെ പുണ്യഭൂമിയാക്കിമാറ്റിയ വി.ജോൺമരിയ വിയാനിയുടെ ജീവിത മാതൃക നമുക്ക് മാർഗ്ഗദീപമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വൈദികർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : ചെറുപുഷ്പമിഷൻലീഗ് ദേശീയസമിതിയുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതജപം | : വി.തോമാശ്ലീഹായേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ. |
| സങ്കീർത്തനപാരായണം | : സങ്കീർ: 25-36 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | :ചെറുപുഷ്പമിഷൻലീഗ് ആദർശവാക്യം |

## 1) ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 ഞായർ | : പതിനഞ്ച് നോമ്പ് ആരംഭം |
| 3 ചൊവ്വ | : ശ്രീ ജെയ്സൺ മർക്കോസ് മൂന്നാം ചരമവാർഷികം, അനുസ്മരണം |
| 4 ബുധൻ | : വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 11 ബുധൻ | : മിഷൻലീഗ് സ്ഥാപകനേതാവ് പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 12-ാം ചരമവാർഷികം. |
| 15 ഞായർ | : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 29 ഞായർ | : അൽഫോൻസാ ക്വിസ്സ്, വി.എവുപ്രാസ്യാമ്മയുടെ തിരുനാൾ. |

**2) മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, കുഞ്ഞേട്ടൻ അനുസ്മരണം,മേഖലാ സാഹിത്യമത്സരം-കൗൺസിൽ വാർഷികം, അൽഫോൻസാ ക്വിസ്സ്, വി. യൗസേപ്പിതാവിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി ഡോക്യുമെന്ററി നിർമ്മിക്കുക, മുൻകാല മിഷൻലീഗ് ഭാരവാഹികളുടെ ഇന്റർവ്യൂ വീഡിയോ തയ്യാറാക്കുക, പ്ലാറ്റിനം ജൂബിലി ആന്തമത്സരം, കോവിഡ് പ്രതിരോധ പ്രാർത്ഥനായജ്ഞം - ആരാധന.

## 3) മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

ചെറുപുഷ്പ മിഷൻലീഗ് 2021 – 2022 പ്രവർത്തന വർഷത്തിലെ മേഖലാതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി ഈ മാസം മേഖലാഡയറക്ടേഴ്സ് വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് Zoom വഴി നടത്തപ്പെടുന്നതാണ് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

## 4) മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 20 ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### നിബന്ധനകൾ

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം.
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പ്രവർത്തനം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇ മെയിൽ ചെയ്യേണ്ടതാണ്.
  cmltly 01@gmail.com.
- ശാഖകളുടെ പേരോടുകൂടിയ മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിംബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- നവംബർ-ജനുവരി മാസങ്ങൾക്കിടയിൽ മേഖല -അതിരൂപത ഭാരവാഹികൾ മുന്നറിയിപ്പില്ലാതെ ഏതവസരത്തിലും തോട്ടം സന്ദർശിക്കുന്നതാണ്.
- തോട്ടത്തിൽ മികവും മറ്റ് പ്രവർത്തനങ്ങളും പരിഗണിച്ചായിരിക്കും സമ്മാനം നൽകുക.
- 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## 5) അതിരൂപതാതല അൽഫോൻസാ ക്വിസ്സ്

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.
2) ഒരുമേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന 3 പേരുടെയും മാർക്കുകൾ കൂട്ടി ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന മേഖലയെ വിജയികളായി പ്രഖ്യാപിക്കുന്നതാണ്.
3) ഒരു ആൺ കുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടായിരിക്കണം.
4) ഓഗസ്റ്റ് 22 തിയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്
5) പഠനഭാഗം: **'വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി'** എന്ന പുസ്തകത്തിൽ **"എല്ലാം നിന്റെ ഇഷ്ടം"** എന്ന തലക്കെട്ട് മുതൽ **"മഹത്വം ഭൂമിയിലുംസ്വർഗ്ഗത്തിലും"**ഉൾപ്പെടെ **'നവമാലിക' 1,2,3** അദ്ധ്യായങ്ങളും. തലശ്ശേരി അതിരൂപതാ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **'കാവൽക്കാരൻ'** എന്ന പുസ്തകത്തിലെ 1 മുതൽ 18 വരെയുള്ള പേജുകളും.
6) ഓഗസ്റ്റ് 29-ാം തിയതി അതിരൂപതാതല മത്സരം നടത്തപ്പെടുന്നു.
7) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.
8) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടു പോകുന്നതായിരിക്കും.
9) Google Form - വഴിയാണ് മത്സരം നടത്തുന്നത്.
10) ഒരു കുടുംബത്തിൽനിന്ന് ഒരാൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ.
11) കുറഞ്ഞ സമയ ദൈർഘ്യമേ മത്സരത്തിന് ഉണ്ടാവുകയുള്ളൂ വളരെ വേഗത്തിൽ ഉത്തരങ്ങൾ Complet ചെയ്യുക.
12) എല്ലാ ചോദ്യത്തിലും ഉത്തരങ്ങൾക്ക് പല option കൊടുക്കുന്നതാണ്. ശരി ഉത്തരങ്ങൾ Tick ചെയ്താൽ മതിയാകും.
13) ഓഗസ്റ്റ് 29-ാം തിയതി മത്സരം നടത്തപ്പെടുന്നു.

## 6) വിയാനി ഡേ

ആഗസ്റ്റ് 4-ാം തിയതി വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാരെയും ശാഖാ - മേഖലാ - രൂപതാ ഡയറക്ടർമാർ, ശാഖയ്ക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർ, ബന്ധുക്കളും കുടുംബാംഗങ്ങളുമായ വൈദികർ, എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്യുവാൻ ബഹു.വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ. മേഖലാ ഭാരവാഹികളുടെ

നേതൃത്വത്തിൽ മേഖലാ തലത്തിൽ വിയാനി ഡേ ആഘോഷപരിപാടികൾ സംഘടിപ്പിക്കുമല്ലോ.

## 7) ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ജൂലൈ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്ന് ജൂലൈമാസത്തെ ഗിരിദീപത്തിൽ കൊടുത്തിരുന്നു. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ആഗസ്റ്റ് 15 വരെ അപേക്ഷ സമർപ്പിക്കാനുള്ള അവസരം ഉണ്ടായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

## 8) മിഷൻ ഞായർ കലണ്ടർ

മറ്റു ബുദ്ധിമുട്ടുകൾ ഉണ്ടായില്ല എങ്കിൽ ഈ വർഷവും മിഷൻ കലണ്ടർ കഴിഞ്ഞ വർഷത്തെ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതാണ്. ശാഖകൾ അതിരൂപതയിൽ തന്നിരിക്കുന്ന എണ്ണത്തിൽ വ്യത്യാസം ഉണ്ടെങ്കിൽ അതിരൂപതാ ഓഫീസിൽ ഓഗസ്റ്റ് 20 ന് മുമ്പ് അറിയിക്കുമല്ലോ.

## 9) കുഞ്ഞേട്ടൻ അനുസ്മരണം - സ്റ്റാറ്റസ് വീഡിയോ & പ്രച്ഛന്ന വേഷ മത്സരം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ പി സി അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 12-ാം ചരമവാർഷികാനുസ്മരണം (ഓഗസ്റ്റ് 11) ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് ശാഖകളിൽ ഓഗസ്റ്റ് 8-ാം തിയതി ഞായറാഴ്ച നടത്തുമല്ലോ. അതിരൂപതാതല അനുസ്മരണം കരുവഞ്ചാൽ ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

അതോടൊപ്പം ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 7-ാംക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രച്ഛന്നവേഷമത്സരവും 8-ാം ക്ലാസ്സ് മുതൽ 12-ാംക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്റ്റാറ്റസ് വീഡിയോ മത്സരവും നടത്തപ്പെടുന്നു.

### A) നിബന്ധനകൾ - പ്രച്ഛന്നവേഷം

1) 5-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.
2) ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ.
3) പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല,ഫോൺ നമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.
4) അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15
5) അയ്ക്കേണ്ട മെയിൽ - cmltly01@gmail.com

**B) നിബന്ധനകൾ - സ്റ്റാറ്റസ് വീഡിയോ**

1 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്കായിരിക്കും മത്സരം.

2 ഒരുശാഖയിൽ നിന്നും ഫസ്റ്റ് മാത്രമേ അതിരൂപതയിലേക്ക് അയക്കാവൂ. (ആൺ, പെൺ വിത്യാസം ഇല്ല)

3 കുഞ്ഞേട്ടന്റെ ജീവിതത്തിൽ ആദരവർപ്പിക്കുന്നവിധത്തിലും, ആസ്വാദകർക്ക് പ്രചോദനം നൽകുന്ന വിധത്തിലും ആയിരിക്കണം സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കേണ്ടത്.

4 സമയദൈർഘ്യം 25 സെക്കന്റിനും 30 സെക്കന്റിനും ഇടയിൽ.

5 വിഷയ ബന്ധിതമായിരിക്കുന്നവയും, മനോഹരവും ഏറ്റവും ആകർഷമായും തയ്യാറാക്കുന്നവയായിരിക്കും പരിഗണിക്കുന്നത്.

6 പങ്കെടുക്കുന്ന കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

7 അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 15

8 അയ്ക്കേണ്ട നമ്പർ - **9400062913**

## 11) ജെയ്സൺ മർക്കോസ് അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ ജെയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കിൽ 3-ാം ചരമവാർഷിക അനുസ്മരണം ഓഗസ്റ്റ 3 ന് പേരാവൂർ ഫോറോനപ്പളളിയിൽ വച്ച് നടക്കും.

## 12) മേഖലാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2023 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഓരോ മേഖലയും അവരുടെ സാഹചര്യം അനുസരിച്ച് സെപ്റ്റംബർ 15 നകം നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 13) ശാഖാ - മേഖലാ ഭാരവാഹികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് 2021- 2022 വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടിൽ ഈ ഒരു വർഷത്തേക്ക് സംസ്ഥാനസമിതി മാറ്റം വരുത്തിയിട്ടുണ്ട്. അതനുസരിച്ച് പുതിയ വാർഷിക റിപ്പോർട്ട് ഫോം ഉടനെ തന്നെ മേഖലകളിൽ എത്തിക്കുന്നതായിരിക്കും. മേഖലകളുടെ ഉത്തരവാദിത്വത്തിൽ ശാഖകളിൽ ഫോം ലഭ്യമാക്കുന്നതായിരിക്കും. 2021 -2022 വർഷത്തെ പ്രവർത്തനങ്ങൾ അടുത്തവർഷം അതിരൂപതയിൽ തരുമ്പോൾ ആ ഫോമിൽ ആണ് എഴുതി തരേണ്ടത്. അതോടൊപ്പം ശാഖാ

– മേഖലാ പ്രതിമാസ റിപ്പോർട്ടിന്റെ പുതിയ ഫോം നൽകുന്നതായിരിക്കും. അതതു മാസത്തിൽ എഴുതി അതിരൂപതയിലേയ്ക്ക് അയച്ച് തരുമല്ലോ.

## 14) പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.
- പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്
- സി. ഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- 3 മിനിട്ടു മുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം-2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- ബൈബിൾ അധിഷ്ഠിതമായിരിക്കണം ഗാനങ്ങൾ

## 15) ക്ലിക്ക് ഷോട്ട് - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ് എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 4 മിനിട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
- സി. ഡിയിലോ, പെൻഡ്രൈവിലോ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം-2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും

## 16) ഹൃദ്യമായ സ്വാഗതം

വായാട്ടുപറമ്പ് മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ബഹുമാനപ്പെട്ട ഫിലിപ്പ് മുട്ടുമണ്ണിൽ അച്ചനും, ചെറുപുഴ മേഖലാ ഡയറക്ടറായി

നിയമിതനായിരിക്കുന്ന ജോസഫ് ഏഴുപറയിൽ അച്ചനും, തോമാപുരം മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന തോമസ് കീഴാരത്തിൽ അച്ചനും, പൈസക്കരി മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന വർഗ്ഗീസ് കളപ്പുരയ്ക്കൽ അച്ചനും, നെല്ലിക്കാംപോയിൽ മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോസഫ് കാഞ്ഞിരത്തിങ്കൽ അച്ചനും, വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടറായി നിയമിതനായിരുക്കുന്ന ജോസഫ് കളപ്പുരയ്ക്കൽ അച്ചനും, തളിപ്പറമ്പ് മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. ജ്യോത്സന എഫ് സി സി, മേരിഗിരി മേഖലാ വൈസ് ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. റാണി എം എസ് എം ഐ, വായാട്ടുപറമ്പ് മേഖലാ വൈസ്ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. ടെർസിറ്റ എൻ എസ്, കാഞ്ഞങ്ങാട് മേഖലാ വൈസ്ഡയറക്ടറായി നിയമിതയായിരുക്കുന്ന സി. കൃപാ സി. എം. സി, എന്നിവർക്ക് ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും...

## 17) ക്രിസ്റ്റീൻ ധ്യാനം

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗും ക്രിസ്റ്റീൻ മിനിസ്ട്രിയും സംയുക്തമായും കുട്ടികൾക്കുവേണ്ടി ആഗസ്റ്റ് 18,19, 20 തീയതികളിൽ Star Maker എന്ന പേരിൽ ഓൺലൈൻ വിശ്വാസവളർച്ചാ കർമ്മപരിപാടി സംഘടിപ്പിക്കുന്നു. ആകർഷണീയമായി അവതരിപ്പിക്കപ്പെടുന്ന ഈ പ്രോഗ്രാമിൽ ക്വിസ് മത്സരം, ചിത്ര രചനാ മത്സരം, സംഗീതമത്സരം ഇവയും ഉൾപ്പെടുത്തിയിരിക്കുന്നു. പങ്കെടുക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു. മറ്റ് വിശദ വിവരങ്ങൾ വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾവഴി നല്കുന്നതായിരിക്കും

## 18) എംബ്ലം നിർമ്മാണം അതിരൂപതാതല വിജയികൾ

| | | |
|---|---|---|
| Ist | ആഷിസ് മേത്തല | - കോലുവള്ളി |
| IInd | ജിജോ ചെരിയംകുന്നേൽ | - കരിക്കോട്ടക്കരി |
| IIIrd | അലക്സ് കട്ടക്കയം | - പുഞ്ച |

## 19) അതിരൂപതാതല അംഗത്വസ്വീകരണവും സെന്റ് തോമസ് ദിനാചരണവും

അതിരൂപതാതല അംഗത്വസ്വീകരണം; സെന്റ് തോമസ് ദിനാചരണം അരിവിളഞ്ഞപോയിൽ ശാഖയിൽ വച്ച് ഫാ. തോമസ് മേനപ്പാട്ട്പടിക്കലിന്റെ നേതൃത്വത്തിൽ അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര, സംസ്ഥാന പ്രതിനിധി ശ്രീ ഷിജോ പുതുപ്പറമ്പിൽ എന്നിവരുടെ സാന്നിധ്യത്തിൽ നടന്നു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേക്ക് ഔദ്യോഗികമായി സ്വീകരിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയും അംഗത്വസ്വീകരണവും നടത്തി. അംഗത്വസ്വീകരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത ബഹുമാനപ്പെട്ട തോമസ് അച്ചനും ശാഖാ ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 20) എയ്ഞ്ചൽ വോയ്സ്

എഫാത്ത റേഡിയോയുമായി സഹകരിച്ച് നടന്ന ലിറ്റിൽ വോയ്സ് എന്ന പ്രോഗ്രാമിൽ വിവിധ പരിപാടികൾ അവതരിപ്പിച്ച എല്ലാ എല്ലാ ശാഖ കൾക്കും നേതൃത്വം നൽകിയ വൈസ്ഡയറക്ടേഴ്സിനും, ഭാരവാഹി കൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

## 21) യുവജനദിനം

യുവജനദിനത്തോടനുബന്ധിച്ച് 05-07-21 ന് സന്ദേശഭവനിൽ വച്ച് യുവ ജന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന അതിരൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് വാളിപ്ലാക്കൽ അച്ചനെയും ആനിമേറ്റർ സി. പ്രീതി മരിയയെയും ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## 22) എയ്ഞ്ചൽസ് മീറ്റ്

26.06.2021 ശനിയാഴ്ച രാത്രി 7 മണി മുതൽ 8.30 വരെ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെയും അവരുടെ മാതാപിതാക്കളു ടെയും സംഗമം ചേർന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി അതി രൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സിന് നേതൃത്വം കൊടുത്തു. എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി.

## 23) സൗഹൃദം

08.07.2021 വ്യാഴാഴ്ച സൗഹൃദം എന്നപേരിൽ മുൻകാലഭാരവാഹിക ളുടെ സംഗമംചേർന്നു. മീറ്റിൽ പങ്കെടുത്ത എല്ലാ മുൻകാല ഡയറക്ടർ അച്ചൻമാർക്കും, വൈസ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും, ഭാരവാഹി കൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞനന്ദി.

## 24) ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും

2019 - 2021 വർഷങ്ങൾ നെല്ലിക്കാംപോയിൽ മേഖലയെ ഊർജ്ജസ്വല തയോടെ നയിച്ച എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് അതിരൂപതാകുടുംബ ത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി. അതോടൊപ്പം 2021 - 2023 വർഷങ്ങൾ സംഘ ടനയെ കർമ്മധീരതയോടെ നയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാ രവാഹികൾക്ക് അഭിനന്ദനങ്ങൾ. നെല്ലിക്കാംപോയിൽ മേഖല ഇലക്ഷന് നേതൃത്വം നൽകിയ മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ ബേബി പ്ലാശ്ശേരി, അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര എന്നിവർക്ക് നന്ദി.

**25) പ്രതിഷേധം :** 07.07.21 ന് സ്റ്റാൻസ്വാമി അച്ചന്റെ നിര്യാണത്തിൽ അതി രൂപതാ എക്സിക്യൂട്ടീവ് പ്രതിഷേധ പ്രമേയം പാസ്സാക്കി അവതരിപ്പിച്ചു. അതോടൊപ്പം 13.07.21 ന് സീറോമലബാർ സഭയുടെ ഡൽഹിയിലെ ലാഡോ

സറായിലെ പള്ളി അനധികൃതമായി പൊളിച്ചു നീക്കിയതിൽ അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ മേഖലകളിലും ശാഖകളിലും പ്രതിഷേധം അറിയിച്ചു.

**26) ജൂബിലി ഒരുക്കം:** പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ജൂലൈ 20 മുതൽ ഒക്ടോബർ 3 വരെ (75 ദിവസം) മുൻകാല അതിരൂപതാ ഭാരവാഹികളുടെ സന്ദേശം **"ജൂബിലിയൊരുക്കം"** എന്നപേരിൽ എല്ലാ ദിവസവും വാട്സ്ആപ്പിൽ നല്കുന്നു. മേഖലാ - ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ കുട്ടികളിൽ ഈ സന്ദേശം എത്തിക്കുമല്ലോ. അതോടൊപ്പം അതിരൂപതയിൽ ചെറുപുഷ്പ മിഷൻലീഗിന്റെ വളർച്ചക്കായി ത്യാഗപൂർവ്വം യത്നിച്ചിട്ടുള്ള എല്ലാ മുൻകാല ഭാരവാഹികൾക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**27) ശാഖാ സന്ദർശനങ്ങൾ :** വായാട്ടുപറമ്പ്, ഓടംതോട്, ഉമ്മർപൊയിൽ എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**28)സെമിനാറുകൾ, ക്യാമ്പുകൾ:** 25-06-21 ന് മാനന്തവാടി രൂപതാ റീജിയണൽസംഗമം ശ്രീ സുനിൽ കല്ലിടുക്കിൽ ഉദ്ഘാടനം ചെയ്തു. 01-07-21 ന് തോമാപുരം മേഖലാ മാനേജിംഗ് കമ്മറ്റിയിൽ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു. 01-07-21 ന് തളിപ്പറമ്പ് ശാഖയിലും, ചെറുപുഴ മേഖലയിലും ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. 04-07-21 ന് തളിപ്പറമ്പ് മേഖലാ പ്രവർത്തനവർഷം ഫാ. ജോസഫ് വടക്കേപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. 04-07-21 ന് വിമലശ്ശേരി ശാഖയിൽ ദുക്റാനത്തിരുന്നാൾ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.10-07-21 ന് എടൂർ മേഖലാ എയ്ഞ്ചൽസ് മീറ്റിൽ ഡയറക്ടർ പങ്കെടുത്തു.18-07-21 ന് ചെറുപുഴ മേഖലാ മാനേജിംഗ് കമ്മറ്റി ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

**29) ആദരാഞ്ജലികൾ**

കർമ്മവീഥികളിൽ കർമ്മനിരതരായിരുന്നുകൊണ്ട് ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോസഫ് കീച്ചൻകേരിയിൽ അച്ചനും ബഹുമാനപ്പെട്ട സ്റ്റാൻസ്വാമി അച്ചനും ആലക്കോട് മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് മേനപ്പാട്ട്പടിക്കൽ അച്ചന്റെ വത്സല പിതാവ് ജേക്കബ് മേനപ്പാട്ട്പടിക്കൽ എന്നിവർക്കും അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനവും നാം ആഘോഷിക്കുമ്പോൾ പരിശുദ്ധ അമ്മയോട് ചേർന്ന് നിന്നുകൊണ്ട് കാരുണ്യത്തിന്റെ; സ്നേഹത്തിന്റെ പാതയിലൂടെ നമ്മുടെ മാതൃരാജ്യത്തിന്റെ സമഗ്ര വളർച്ചയ്ക്കുവേണ്ടി നമുക്ക് പരിശ്രമിക്കാം. സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർത്ഥനാ പൂർവ്വകമായ മംഗളങ്ങളും ആശംസകളും.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : സ്വർഗ്ഗാരോപണ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ജോൺ മരിയ വിയാനി |
| പ്രാർത്ഥനാനിയോഗം | : എല്ലാ ഇടവകാ വൈദികർക്കുംവേണ്ടി |
| സുകൃതജപം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| വചനം | : ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (വി. ലൂക്കാ1:38) |
| പ്രവൃത്തി | : ഫോൺ വിളിച്ച് സുഖാന്വേഷണം നടത്തുക. |
| മന:പാഠമാക്കുക | : പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ 12 പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : മാതാവിനെക്കുറിച്ചുള്ള ഭക്തിഗാന മത്സരം |

## 1) ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ഞായർ | : | പതിനഞ്ച് നോമ്പ് ആരംഭം |
| 4 ബുധൻ | : | വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ |
| 14 ശനി | : | വി. മാക്സ്മില്യൻ കോൾബേയുടെ തിരുനാൾ |
| 15 ഞായർ | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 29 ഞായർ | : | അൽഫോൻസാ ക്വിസ്സ്, വി.എവുപ്രാസ്യാമ്മയുടെ തിരുനാൾ |

## 2) വിയാനി ഡേ

ആഗസ്റ്റ് 4-ാം തിയതി വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പിതാക്കൻമാർക്കും ബഹുമാനപ്പെട്ട വികാരിയച്ചനും

ആശംസകളർപ്പിക്കുവാനും എല്ലാവൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 3) മാതാവിന്റെ പാട്ട് ഗാനാലാപന മത്സരം

തിരുബാലസഖ്യം കുട്ടികൾക്കായി മാതാവിന്റെ പാട്ട് ഗാനാലാപന മത്സരം നടത്തുന്നു. പാട്ട് ആലപിക്കുന്നതിന് മുമ്പ് പേര്, വിട്ടുപേര്, ഇടവക, എന്നിവ പറഞ്ഞിരിക്കണം. ഫോൺനമ്പർ ആരും പറയേണ്ടതില്ല. ഒരു പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കേണ്ടതാണ്. പാട്ട് പാടി വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയക്കുക. ശാഖയിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്ന പാട്ട് അതിരൂപതയിലേക്ക് അയ്ക്കുക. ആൺ, പെൺ വിത്യാസം ഇല്ല. സംഗീതോപകരണങ്ങൾ അനുവദനീയമല്ല. ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതായിരിക്കും. അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 20.

### 4) ശാഖാ ആനിമെറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്

തിരുബാലസഖ്യം മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും, അതതുമാസങ്ങളിൽ ഗിരിദീപത്തിൽ ഇടുന്നകാര്യങ്ങളും കൃത്യമായി വായിച്ച് ശാഖാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ ചെയ്യുമല്ലോ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

> പ്രിയപ്പെട്ട യുവജനസുഹൃത്തുക്കളെ നിങ്ങൾക്ക് ദൈവം നൽകിയ ദാനങ്ങളും കഴിവുകളും ചെറുതായി കാണരുത്. വലിയ സ്വപ്നങ്ങൾ കാണുന്നതിൽ നിങ്ങൾ ഭയപ്പെടുകയും വേണ്ട (വി. ഫ്രാൻസീസ് പാപ്പ).

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും, ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനവും നാം ഒരുമിച്ചാഘോഷിക്കുമ്പോൾ പരി.അമ്മയോട് ഭാരതത്തിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബത്തിനും, സമൂഹത്തിനും നമുക്ക് സുരക്ഷിതത്വം നല്കാം.

ആഗസ്റ്റ് മാസം ഇടവക വൈദീകരെ അനുസ്മരിക്കുന്ന ദിവസമാണല്ലോ. 4 -ാം തിയ്യതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം. ബഹു. വൈദീകരെ ആദരിക്കാനും ആശംസകളറിയിക്കാനും ശ്രദ്ധിക്കുമല്ലോ.

## PSC Coaching

സർക്കാർ ജോലി ആഗ്രഹിക്കുന്ന എല്ലാവർക്കുമായി തലശ്ശേരി അതിരൂപത കെസിവൈഎം ഓൺലൈനായി PSC Coaching ആരംഭിക്കുന്നു. ജോലിയില്ലാതെ കഷ്ടപ്പെടുന്ന പത്താം ക്ലാസ്സ്, +2, ഡിഗ്രി ലവലിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. കെസിവൈഎം അതിരൂപത, മേഖല സമിതികളുടെ സഹായത്തോടെ രജിസ്റ്റർ ചെയ്ത് കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. ഇടവകയിലെ ജോലിയില്ലാതെ നിൽക്കുന്ന മുഴുവൻ യുവജനങ്ങളെയും PSC Coching ലേക്ക് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിരൂപതയുടെ വിദ്യാഭ്യാസ സംരംഭമായ സാൻജോസ് അക്കാഡമിയുടെയും വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിന്റെയും സഹായത്തോടെയുമാണ് ഇത് പ്രവർത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 9400062918, 8281517660, 9497439045

## റിലേ ഉപവാസ സമരം

കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് ആറളം, കേളകം പഞ്ചായത്തിലെ ജനവാസ കേന്ദ്രങ്ങൾ ബഫർ സോൺ (പരിസ്ഥിതി ലോല) പ്രദേശമായി പ്രഖ്യാപിക്കുന്ന കരട് വിജ്ഞാപനത്തിനെതിരെ തലശ്ശേരി അതിരൂപതാ കെസിവൈഎം റിലേ ഉപവാസ സമരം നടത്തി പ്രതിഷേധിച്ചു.

കർഷകരെ കൃഷിഭൂമിയിൽ നിന്ന് ഇറക്കിവിടരുത് ആനമതിൽ എത്രയും വേഗം പൂർത്തിയാക്കണം, ആനമതിൽ വനാതിർത്തിയായി പരിഗണിക്കണം, കർഷകന്റെ ജീവനും സ്വത്തിനും സംരക്ഷണം നല്കണം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പ്രതിഷേധ സമരം. സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് സമരത്തെ അഭിവാദ്യം ചെയ്തു സംസാരിച്ചു. എടൂർ ഫൊറോന വികാരി റവ.ഫാ ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. കെസിവൈഎം അതിരൂപത പ്രസിഡന്റ് ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ ഉപവാസ സമരത്തിന് നേതൃത്വം നൽകി. അതിരൂപത ഡയറക്ടർ ജിൻസ് വാളിപ്ലാക്കൽ, സെക്രട്ടറി അമൽ ജോയി കെന്നക്കൽ, സനീഷ് പാറയിൽ, ടോണി ജോസഫ്, ജിൻസ് മാമ്പുഴക്കൽ, ചിഞ്ചു വട്ടപ്പാറ, സനിൽ, റോണിറ്റ് എന്നിവർ ഉപവാസമനുഷ്ഠിച്ചു. കെസിവൈഎം എടൂർ ഫൊറോന ഡയറക്ടർ ഫാ. ജോബിൻ വലിയപറമ്പിൽ നാരങ്ങാനീര് നൽകി ഉപവാസം അവസാനിപ്പിച്ചു.

സമാപന സമ്മേളനം ജില്ലാപഞ്ചായത്ത് മുൻ മെബർ തോമസ് വർഗീസ് ഉദ്ഘാടനം ചെയ്തു. ആറളം പഞ്ചായത്ത് പ്രസിഡന്റ് കെ പി രാജേഷ്, കെസിവൈഎം പേരാവൂർ ഫൊറോന ഡയറക്ടർ ഫാ. സന്തോഷ് നെടുങ്ങാട്ട്, ഫാ. ജിബിൻ വട്ടുകുളം, എകെസിസി എടൂർ ഫൊറോന പ്രസിഡന്റ് ബെന്നിച്ചൻ മഠത്തിനകം, യൂത്ത് ഫ്രണ്ട് എം സംസ്ഥാന ജനറൽ സെക്രട്ടറി വിപിൻ തോമസ്, ജില്ലാ പ്രസിഡന്റ് ബിനു ഇലവുങ്കൽ, കേരള കോൺഗ്രസ് എം ജില്ലാ സെക്രട്ടറി സിഎം ജോർജ്, സാജു തോമസ്, കോൺഗ്രസ് കരിക്കോട്ടക്കരി മണ്ഡലം പ്രസിഡന്റ് മനോജ് എം കണ്ടത്തിൽ, ദീപിക ബ്യൂറോ ചീഫ് റെനീഷ് മാത്യു, കെസിവൈഎം മുൻ അതിരൂപത പ്രസിഡന്റ് ഷിജോ നിലക്കപ്പള്ളി, ഫൊറോന പ്രസിഡന്റുമാരായ ജോയൽ തൊട്ടിയിൽ, അഖിൽ ഇടത്താഴെ, അഖിൽ ചാലിൽപുത്തൻപുരയിൽ എന്നിവർ സംസാരിച്ചു.

## ബഡ് എടൂർ ഫൊറോന

കെസിവൈഎം ഫൊറോന പ്രസിഡന്റ് സനിലിന്റെ അദ്ധ്യക്ഷതയിൽ ബഡ് പ്രോഗ്രാം മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. കെസിവൈഎം പാലക്കാട് രൂപത പ്രസിഡന്റ് ശ്രീ. ഷാലിൻ ജോസഫ് മുഖ്യാതിഥിയായിരുന്നു. ഫൊറോന വികാരി റവ.ഫാ. ആന്റണി മുതുകുന്നേൽ, ഫൊറോന ഡയറക്ടർ ഫാ. ജോബിൻ വലിയപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഫാ. നിതിൻ ഇലഞ്ഞിമറ്റം ക്ലാസ് നയിച്ചു. കെസിവൈഎം രൂപത ഡയറക്ടർ ജിൻസ് വാളിപ്ലാക്കൽ, രൂപത പ്രസിഡന്റ് വിപിൻ ജോസഫ് എന്നിവർ ചർച്ചക്ക് നേതൃത്വം നൽകി.

## ബഡ് സമാപനം നെല്ലിക്കാംപൊയിൽ ഫൊറോന

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 16 ഫൊറോനകളിലൂടെ നടന്ന ബഡ് പ്രോഗ്രാമിന് നെല്ലിക്കാംപൊയിൽ ഫൊറോനയിൽ സമാപനം കുറിച്ചു. കെസിവൈഎം അതിരൂപതാ പ്രസിഡന്റ് ശ്രീ. വിപിൻ മാറുകാട്ടു കുന്നേലിന്റെ അദ്ധ്യക്ഷതയിൽ അഡ്വ. സജീവ് ജോസഫ് എംഎൽഎ ബഡ് ഉദ്ഘാടനം ചെയ്തു. അമുഖ പ്രഭാഷണം കെസിവൈഎം രൂപതാ ഡയറക്ടർ ജിൻസച്ചനും, മുഖ്യപ്രഭാഷണം അഡ്വ. സണ്ണി ജോസഫ് എംഎൽഎയും നിർവ്വഹിച്ചു. മാർ ജോസഫ് പാംപ്ലാനി പിതാവ് അനുഗ്രഹപ്രഭാഷണത്തിലൂടെ യുവജനങ്ങളോട് സംസാരിച്ചു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ശ്രീ. എഡ്വേഡ് രാജു മുഖ്യാതിഥിയായിരുന്നു. ഫൊറോന വികാരി റവ. ഫാ. ജോസഫ് കാവനാടി, ഫൊറോന പ്രസിഡന്റ് അഖിൽ ചാലിൽ പുത്തൻപുര, ഫൊറോന ആനിമേറ്റർ സി.റ്റീന സിഎംസി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഫാ. ജിനു പള്ളിപ്പാട്ട് ക്ലാസിന് നേതൃത്വം നൽകി. ബഡ് സമാപനം ഏറ്റെടുത്ത് നടത്തിയ നെല്ലിക്കാംപൊയിൽ ഫൊറോനക്കും അഖിലിന്റെ നേതൃത്വത്തിലുള്ള സമിതിക്കും സഹകരിച്ച എല്ലാവർക്കും അതിരൂപത സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

## അറിയാനും മനസ്സിലാക്കാനും

കെസിവൈഎം തലശ്ശേരി അതിരൂപത സാൻജോസ് അക്കാഡമിയുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഓൺലൈൻ PSC കോച്ചിംങ്ങിനെ കുറിച്ച് അറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി വെബിനാർ 2K21 കുറിച്ച് എന്ന പേരിൽ ഓൺലൈൻ വെബിനാർ നടത്തി. 400 ഓളം ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. കെസിവൈഎം തലശ്ശേരി അതിരൂപത പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രശസ്ത PSC പരിശീലകൻ ശ്രീ. സാബു ചെല്ലംങ്കോട്ട് ക്ലാസ് നയിച്ചു. സാൻജോസ് അക്കാഡമി ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, കെസിവൈഎം ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ എന്നിവർ സംസാരിച്ചു.

## പ്രതിഷേധജ്വാല

സാമൂഹ്യ പ്രവർത്തകനും ഈശോ സഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയെ മാവോയിസ്റ്റായി മുദ്ര കുത്തി തടവറയിലടച്ച് മരണത്തിലേക്ക് തള്ളി വിട്ട കേന്ദ്ര സർക്കാരിന്റെയും എൻ.ഐ.എ ടെയും നിലപാടുകൾക്കെതിരെ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ യൂണിറ്റ് തലങ്ങളിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു.

## കണ്ണ് മൂടികെട്ടി പ്രതിഷേധിച്ചു

**ഡൽഹിയിൽ പള്ളി തകർത്ത നടപടി മതേതര രാജ്യത്തിന് നിരക്കാത്തത് -** ഡൽഹി അന്ധേരിയ മോഡിലുള്ള ലിറ്റിൽ ഫ്ളവർ കത്തോ

ലിക്കാ ദേവാലയം ഇടിച്ചുതകർത്ത കിരാത നടപടിക്കെതിരെ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കണ്ണ് മൂടികെട്ടി പ്രതിഷേധിച്ചു. രാജ്യത്തിന്റെ മതനിരപേക്ഷ സംസ്കാരം ആക്രമിക്കപ്പെടുകയും അധിനിവേശത്തിന് വിധേയമാവുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത് ദക്ഷിണ ഡൽഹിയിലെ ഫരീദാബാദ് സീറോമലബാർ രൂപതയുടെ കീഴിലുള്ള ലാദോസ് സെറായി ലിറ്റിൽ ഫ്ളവർ കത്തോലിക്കാ ദേവാലയം പൂർണ്ണമായും പൊളിച്ചുനീക്കിയ നടപടി എന്ന് ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ കുറ്റപ്പെടുത്തി. ക്രൈസ്തവ ദൈവാലയങ്ങൾക്കും, വിശ്വാസത്തിനുമെതിരെ നടക്കുന്ന ഇത്തരം നീച പ്രവർത്തികളെ പ്രതിരോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ, എടൂർ ഫൊറോന ഡയറക്ടർ ഫാ. ജോബിൻ വലിയപറമ്പിൽ, ജനറൽ സെക്രട്ടറി അമൽ ജോയി കൊന്നക്കൽ, ഡെപ്യൂട്ടി പ്രസിഡന്റ് ടോണി ജോസഫ്, സെക്രട്ടറി സനീഷ് പാറയിൽ, ട്രഷറർ ജിൻസ് മാമ്പുഴക്കൽ, ചിഞ്ചു വട്ടപ്പാറ, ഷിജോ നിലക്കപ്പള്ളി, ജോയൽ തൊട്ടിയിൽ, സനിൽ മാത്യു, അഖിൽ ചാലിൽപുത്തൻപുരയിൽ, റോണിറ്റ് തോമസ്, അൽന ആന്റണി എന്നിവർ പങ്കെടുത്തു.

## ബ്ലഡ് ഡൊണേഷൻ ചലഞ്ച്

കണ്ണൂർ ജില്ലയിലെ പല ആശുപത്രികളിലും കോവിഡിനൊപ്പം ഡെങ്കിപ്പനി കേസുകളും വർദ്ധിച്ചതിനാൽ രക്തം കൊടുക്കുവാനായി ബ്ലഡ് ബാങ്കുകളിൽ രക്തത്തിന്റെ സംഭരണം കുറഞ്ഞ സാഹചര്യത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപതയും ബ്ലഡ് ഡൊണേഷൻ ചാരിറ്റബിൾ സൊസൈറ്റിയുമായി സഹകരിച്ചുകൊണ്ട് ബ്ലഡ് ഡൊണേഷൻ ചലഞ്ച് നടത്തി.

## പ്രതിഷേധിച്ചു

കുന്നോത്ത് ഫൊറോന - ലവ് ജ്ഹാദിനെതിരെയും, പെൺകുട്ടികളെ തട്ടികൊണ്ടുപോകുന്നതിനെതിരെയും ശക്തമായ പ്രതിഷേധവുമായി ഫൊറോനയിലെ യുവജനങ്ങൾ.

## യുവജനദിനാഘോഷം

കുന്നോത്ത് ഫൊറോനയിലെ യുവജനദിനാഘോഷം ചരൾ ഇടവകയിൽ വച്ച് കെസിവൈഎം ഫൊറോന ഡയറക്ടർ ഫാ. ജിന്റോ പന്തലാനിക്കൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ടോമിൻ തോമസ് പോൾ അദ്ധ്യക്ഷത വഹിച്ചു. ചരൾ ഇടവക വികാരി ഫാ. ജെയിസ് കുരിശുംമൂട്ടിൽ, ഫൊറോന കൗൺസിലർ അൻഡേഴ്സൺ, അനിമേറ്റർ ജോസി കാരക്കാട്ട്, ചരൾ യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

## STATUS CHALLENGE

കുന്നോത്ത് ഫൊറോന ദുക്റാന തിരുനാളിനോടനുബന്ധിച്ച് യുവജന

ങ്ങൾക്കായി സ്റ്റാറ്റസ് ചലഞ്ച് നടത്തുകയും ഈ തിരുനാൾ ആഘോഷിക്കുകയും ചെയ്തു.

## പ്രതിഷേധ സമരം

ഭാരതത്തിന്റെ മതേതരമൂല്യങ്ങൾക്ക് മങ്ങലേൽപ്പിക്കുന്ന തരത്തിൽ സീറോമലബാർ സീറോമലബാർ രൂപതയുടെ കീഴിലുള്ള ലാദോസ് സെറായിലിറ്റിൽ ഫ്ളവർ കത്തോലിക്കാ ദേവാലയം പൂർണ്ണമായും പൊളിച്ചുനീക്കിയ നടപടി അപലപനീയമെന്ന് എന്ന് തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ. കാഞ്ഞങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പടന്നക്കാട് പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. തോമസ് പയ്യംപള്ളി, ഫൊറോന പ്രസിഡന്റ് അമൽ, എബിൻ ഷാജു, ജോനാഥ് ജോഷി എന്നിവർ സംസാരിച്ചു.

## വെള്ളരിക്കുണ്ട് ഫൊറോന

സീറോമലബാർ രൂപതയുടെ കീഴിലുള്ള ദില്ലി ലാദോസ് സെറായിലിറ്റിൽ ഫ്ളവർ കത്തോലിക്കാ ദേവാലയം പൂർണ്ണമായും പൊളിച്ചുനീക്കിയ നടപടിക്കെതിരെ കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി നടത്തുകയും തിരികളുയർത്തി തങ്ങളുടെ പ്രതിഷേധമറിയിക്കുകയും ചെയ്തു.

## സഹായഹസ്തവുമായി ചെമ്പന്തൊട്ടി ഫൊറോന

വിവിധ യൂണിറ്റുകളുടെ സഹായത്തോടെ സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവിന് വീൽചെയർ നൽകി. കെസിവൈഎം ചെമ്പന്തൊട്ടി ഫൊറോന ഡയറക്ടർ ഫാ. റിനോയ് ഇടത്തിനകത്ത്, പ്രസിഡന്റ് അമൽ തോമസ്, അമൽ ടി.വി, ജിന്റു കടുപ്പിൽ, ഷാലിൻ ജോഷി, റോബിൻ, സനീഷ് എന്നിവർ ചേർന്ന് നൽകിയത് സമരിറ്റൻ പാലിയേറ്റിവ് ഡയറക്ടർ ഫാ. ബിനു പയ്യമ്പള്ളി, ഫാ. അനൂപ് നരിമറ്റത്തിൽ എന്നിവർ ചേർന്ന് സ്വീകരിച്ചു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

889 എം.പി.സി ഓൺലൈൻ കോഴ്സുകൾ ജൂലൈ 16-17 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 234 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| 2. Online MPC Live Classes | |
|---|---|
| MPC 2021 | |
| August | 27 - 28 (Friday, Saturday) |
| September | 17 - 18 (Friday, Saturday) |
| October | 8 - 9 (Friday, Saturday) |

2021 ഒക്ടോബർ മാസം വരെ എം.പി.സി ഓൺലൈനിൽ നടത്തുന്നതാണ്. ഓൺലൈൻ ക്ലാസുകൾ എല്ലാം ലൈവായി നടക്കുന്നതാണ്. രണ്ട് ദിവസത്തെ ക്ലാസുകൾ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

1. **Time Schedule :**

**എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
**രണ്ടാം ദിവസം : 08.00 am – 06.00 pm**

2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages**

**Free - 15 Days**

**Till You Marry - 9999 (1 Year)**

**Diamond Package - 4999(1 Year)**

**Golden Package - 3999(1 Year)**

**Silver Package - 2999(6 monts)**

## III. മാതൃവേദി

1. **തൂവാനീസ നിയോഗം** – ഈ മാസത്തെ തൂവാനീസ നിയോഗത്തൽ ജപമാലയിൽ നമുക്ക് വൈദികർക്കും സമർപ്പിതർക്കും വേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – ഏലീശ്വാ സന്ദർശനം നടത്തുക, ദൈവവിളി പ്രോത്സാഹന സന്ദേശങ്ങൾ അയക്കുക, വി.വിയാനിയുടെ തിരുനാൾ ദിനത്തിൽ നമുക്ക് വൈദികരെ ആശംസകൾ അറിയിക്കാം.

3. **ഈ മാസത്തെ ജപാല യജ്ഞം മേഖലകൾ**-പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്

4. **ആഗസ്റ്റ് മാസത്തിൽ Onlife Media യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ നടത്താനുള്ള മേഖല - വായാട്ടുപറമ്പ്**

### 5. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

മാതൃവേദി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 21, ജൂലൈ 16 എന്നീ തീയ്യതികളിൽ ഓൺലൈനായി നടന്നു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ രൂപതാ ആനിമേറ്ററും, രൂപതാ ഭാരവാഹികളും പങ്കെടുത്തു.

### 6. ജ്വാല - ചെമ്പേരി

ചെമ്പേരി മേഖലയുടെ ജ്വാല പ്രോഗ്രാം ജൂലൈ 4-ാം തീയ്യതി ഞായറാഴ്ച ഓൺലൈനായി നടന്നു. ചെമ്പേരി മേഖലാ ഡയറക്ടർ ഫാ. ബെന്നി പുത്തൻനട സ്വാഗതമാശംസിച്ച ചടങ്ങിൽ ചെമ്പേരി മേഖലാ സെക്ര

ട്ടറി ശ്രീമതി മിനി ജോർജ്ജ് മണക്കാട്ട് റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി സ്വപ്ന മറ്റത്തിനാനിക്കൽ കണക്കും അവതരിപ്പിച്ചു. ചെമ്പേരി മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി ഷീബ തെക്കേടത്ത് അദ്ധ്യക്ഷത വഹിച്ചു. ചെമ്പേരി ഫൊറോന വികാരി ഫാ.ജോർജ്ജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണം നടത്തി. ചെമ്പേരി മേഖലാ വൈസ് പ്രസിഡണ്ട് ശ്രീമതി സെലിൻ പൊടിമറ്റം ആശംസകളർപ്പിച്ച് സംസാരിച്ചു. ശേഷം അഡ്വ. റെന്നി കുമ്പളപ്പള്ളിൽ അമ്മമാർക്കായി ക്ലാസ് നയിച്ചു. ചെമ്പേരി മേഖലാ ആനിമേറ്റർ സി.ആൻ മേരി എസ്.ച്ച ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചതോടെ മീറ്റിംഗിന് സമാപനമായി.

## 7. സഖറിയാസ് കൺവെൻഷൻ

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും ക്രിസ്റ്റീസ് സഖറിയാസ് മിഷൻ ടീമും ചേർന്ന് അറുപത് വയസ്സുകഴിഞ്ഞ മാതാപിതാക്കൾക്കായി നടത്തിയ സഖറിയാസ് ധ്യാനം ജൂലൈ 2,3,4 തീയ്യതികളിലായി ഓൺലൈനായി നടത്തി.

## 8. വെബിനാർ - മാതാക്കൾ കുടുംബത്തിലും സമൂഹത്തിലും

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ അമ്മമാർക്കുമായി മാതാക്കൾ കുടുംബത്തിലും സമൂഹത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ വെബിനാർ നടത്തി. 380 പേർ പങ്കെടുത്തു.

## 9. കോവിഡ് വാക്സിനേഷൻ ഹെൽപ് ഡെസ്ക്

എല്ലാ മേഖലകളിലും ഇടവകകളിലും അതിരൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ കോവിഡ് വാക്സിനേഷൻ ഹെൽപ് ഡെസ്ക് രൂപീകരിച്ചു. തുടർന്ന് വളണ്ടിയർമാരായ അമ്മമാർക്കും മേഖലാ പ്രസിഡണ്ടുമാർക്കും വേണ്ടി കച്ചേരിക്കടവ് സ്കൂൾ എച്ച്.എം ശ്രീമതി ലൈസ സോജൻ ഓറിയന്റേഷൻ ക്ലാസ് നൽകി.

## 10. കോശി കമ്മീഷൻ മീറ്റിംഗ്

കോശി കമ്മീഷൻ നിവേദന സമർപ്പണം നടത്താൻ സന്നദ്ധരായിട്ടുള്ള ഓരോ യൂണിറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മാതൃവേദി അമ്മമാരുടെ മീറ്റിംഗ് ഓൺലൈനായി ജൂലൈ 9-ാം തീയ്യതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് നടന്നു. നിവേദനം എഴുതേണ്ട വിധത്തെപറ്റി ബോധവത്ക്കരണം നടത്തി. മീറ്റിംഗിൽ 360 ഓളം അമ്മമാരും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

## 11. മാതൃവേദി പ്രവർത്തന പദ്ധതി - ആഗസ്റ്റ് 2021

| | | | |
|---|---|---|---|
| ആഗസ്റ്റ് | 1 | - | 15 നോമ്പാരംഭം |
| | 2 - 5 | - | ജീവാഗ്നി റിട്രീറ്റ് |
| | 4 | - | വി. ജോൺ മരിയ വിയാനി |
| | 6 | - | കർത്താവിന്റെ രൂപാന്തരീകരണം |

| | | |
|---|---|---|
| 8 | - | വി. ഡൊമിനിക് സാവിയോ |
| 11 | - | വി. ക്ലാര |
| 15 | - | പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണം-ആചരണം |
| | - | മേരിഗിരി മേഖല |
| 29 | - | വി. മോനിക്ക അനുസ്മരണം |
| | - | പേരാവൂർ മേഖല |

## 12. അറിയിപ്പുകൾ

- ആഗസ്റ്റ് മാസത്തിൽ നടത്താനിരുന്ന ഓൺലൈൻ കുടുംബധ്യാനം സെപ്റ്റംബർ മാസത്തേക്ക് മാറ്റി വച്ചിരിക്കുന്നു. സെപ്റ്റംബർ 4-7 നായിരിക്കും ധ്യാനം നടത്തുന്നത്.
- ആഗസ്റ്റ് 19-ാം തീയ്യതി മാതൃവേദി അംഗങ്ങൾക്കുവേണ്ടി ഒരു വെബിനാർ ഉണ്ടായിരിക്കും. കോവിഡ്കാലത്ത് കുട്ടികളുടെയും യുവജനങ്ങളുടെയും മാനസികാരോഗ്യത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്ന വിഷയമായിരിക്കും. ഓരോ യൂണിറ്റിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുക.
- **ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങൾ അംഗത്വ മാസങ്ങളായി ആചരിക്കുന്നു.** പുതുതായി മാതൃവേദിയിൽ ചേർക്കുന്ന അംഗങ്ങളുടെ ലിസ്റ്റ് വികാരിയച്ചന്റെ ഒപ്പോടുകൂടി ഓഫീസിലേക്ക് വാട്ട്സ്ആപ്പ് ചെയ്യുക. യൂണിറ്റ് രജിസ്റ്ററിൽ നൽകുന്ന ക്രമനമ്പർ ഇട്ട് നൽകേണ്ടതാണ്. അയക്കേണ്ട നമ്പർ : 9400206974. അംഗത്വകാർഡുകൾ ആവശ്യമുള്ളവർ കാർഡുകൾ പൂരിപ്പിച്ച് ഫോട്ടോ പതിപ്പിച്ച് ഓഫീസിലേക്ക് പോസ്റ്റലായി അയക്കുകയോ നേരിൽ കൊണ്ടുവരികയോ ചെയ്യുക.
- സെപ്റ്റംബർ 8 മാതൃദിനമായി ആചരിക്കുകയും അംഗത്വ സ്വീകരണം അംഗത്വ നവീകരണം എന്നിവ നടത്തുവാൻ മുൻകൂട്ടി ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്യുക.
- വാക്സിനേഷൻ ഹെൽപ് ഡസ്കിലെ അംഗങ്ങൾ രജിസ്ട്രേഷൻ നടത്തിയത് എത്രപേരാണ് എന്നതിന്റെ റിപ്പോർട്ട് ആഗസ്റ്റ് അവസാന വാരത്തിൽ മേഖലകളിൽ നൽകേണ്ടതാണ്.
- ഓരോ മേഖലകൾക്കും ഏൽപിക്കപ്പെട്ട ജപമാല യജ്ഞത്തിന്റെ ക്രമീകരണം മേഖലാതലങ്ങളിൽ അറിയിക്കുകയും റിപ്പോർട്ട് മേഖലാതലങ്ങളിൽ ശേഖരിക്കുകയും ചെയ്യുക.
- മേഖലാ-യൂണിറ്റ് വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ പരമാവധി അംഗങ്ങളെ ചേർക്കുക.

## 13. നന്ദിയോടെ

കോശികമ്മീഷൻ നിവേദന സമർപ്പണത്തിനുവേണ്ടി സന്നദ്ധരായ അമ്മമാർക്കും കോവിഡ് വാക്സിനേഷൻ ഹെൽപ്ഡസ്കിലേക്ക് വോളണ്ടിയേഴ്സായി കടന്നുവന്നവർക്കും പ്രത്യേകം നന്ദി.

**14. കൃതജ്ഞതയും ആശംസയും**

വായാട്ടുപറമ്പ് മേഖലയുടെ ഡയറക്ടറായി ഊർജ്ജസ്വലമായി നേതൃത്വം നൽകിയ ഫാ. ജിയോ പുളിക്കൽ, തളിപ്പറമ്പ് മേഖലാ ഡയറക്ടറായിരുന്ന ഫാ. മാത്യു വളവനാൽ, പൈസക്കരി മേഖലാ ഡയറക്ടറായി ശുശ്രൂഷ നൽകിയ ഫാ. അജി കുഴിയാനിമറ്റത്തിൽ, തോമാപുരം മേഖലാ ഡയറക്ടറായിരുന്ന ഫാ. ജോമിറ്റ് മഞ്ഞളാംകുന്നേൽ, വെള്ളരിക്കുണ്ട് മേഖലാ ഡയറക്ടറായിരുന്ന ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ, എടൂർ മേഖലാ ഡയറക്ടറായിരുന്ന ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ എന്നിവരെ കൃതജ്ഞതയോടെ അനുസ്മരിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

**15. ഹൃദ്യമായ സ്വാഗതം**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതിയ മേഖലാ ഡയറക്ടർമാരായി ചാർജ്ജെടുത്തിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ (എടൂർ), ഫാ. ജോസഫ് ചാത്തനാട്ട് (പൈസക്കരി), ഫാ. അജി കുഴിയാനിമറ്റം (തളിപ്പറമ്പ്), ഫാ. ഐസക് മറ്റത്തിൽ (തോമാപുരം), ഫാ. ജോസഫ് ആനിത്താനം (വായാട്ടുപറമ്പ്), ഫാ. ജോൺസൺ പുലിയുറുമ്പിൽ (വെള്ളരിക്കുണ്ട്) എന്നീ അച്ചന്മാർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ സ്വാഗതവും ആശംസയും അറിയിക്കുന്നു.

മാതൃവേദി ആനിമേറ്റർമാരായി പുതുതായി നിയുക്തരായിരിക്കുന്ന സി. എമിലിൻ സി.എസ്.എൻ (ചെമ്പന്തൊട്ടി), സി. മെർലിൻ എസ്.എ.ബി.എസ് (ചെറുപുഴ), സി. ആൽഫിൻ എസ്.എ.ബി.എസ് (വെള്ളരിക്കുണ്ട്) എന്നീ സിസ്റ്റർമാർക്കും ഹൃദ്യമായ സ്വാഗതവും ആശംസയും നേരുന്നു.

## IV. അമല പ്രോലൈഫ്

- ആഴ്ചതോറും എക്സിക്യൂട്ടീവ് മീറ്റിംഗുകളും മാസംതോറുമുള്ള പ്രോലൈഫ് സെൻട്രൽ സമിതി യോഗങ്ങളും ഓൺലൈനായി നടന്നു വരുന്നു.
- ആഗസ്റ്റ് 2-5 തീയതികളിൽ ജീവാഗ്നി റിട്രീറ്റ് ഗർഭിണികൾക്കായി ഓൺലൈനായി നടത്തുന്നതാണ്. കൗൺസലിംഗ് സൗകര്യം ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ചെയ്യാനുള്ള നമ്പർ : 9048993703
- ആഗസ്റ്റ് 15 ന് പ്രോലൈഫ് അംഗങ്ങൾ വിമലഹൃദയ പ്രതിഷ്ഠയ്ക്കുവേണ്ടി 33 ദിവസത്തെ പ്രാർത്ഥനാ ഒരുക്കം നടത്തുന്നു.
- ജൂലൈ മാസത്തിൽ ഓൺലൈഫ് മീഡിയയ്ക്കുവേണ്ടി കുന്നോത്ത് മേഖല പരിപാടികൾ നൽകി.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ അനധ്യാപകരെ,

കോവിഡ് 19ന്റെ ഭീതിയിൽ വീട് വിദ്യാലയമാക്കി പഠിച്ച് എസ്.എസ്.എൽ.സി, പരീക്ഷ എഴുതി ഉന്നത വിജയം നേടിയ എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. ഒന്നോ രണ്ടോ കുട്ടികളുടെ പരാജയം മൂലം നൂറു ശതമാനം വിജയം ലഭിക്കാത്ത സ്കൂളുകളെയും നൂറുശതമാനം വിജയം ലഭിച്ച സ്കൂളുകളെയും ഇതിനായി അധ്വാനിച്ച രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപക അനധ്യാപകർ എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## എസ്.എസ്.എൽ.സി വിജയികൾ

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയി | Full A+ | 9 A+ | ശതമാനം |
|---|---|---|---|---|---|
| അങ്ങാടിക്കടവ് എച്ച്.എസ് | 128 | 127 | 65 | 11 | 99 |
| ചന്ദനക്കാംപാറ എച്ച്.എസ് | 84 | 84 | 41 | 9 | 100 |
| ചെമ്പന്തൊട്ടി എച്ച്.എസ് | 108 | 108 | 51 | 11 | 100 |
| ചെമ്പേരി എച്ച്.എസ് | 145 | 145 | 60 | 15 | 100 |
| ചെറുപ്പുഴ എച്ച്.എസ് | 238 | 238 | 101 | 40 | 100 |
| എടൂർ എച്ച്.എസ് | 233 | 233 | 107 | 23 | 100 |
| കടുമേനി എച്ച്.എസ് | 59 | 59 | 23 | 9 | 100 |
| കരിക്കോട്ടക്കരി എച്ച്.എസ് | 118 | 118 | 38 | 8 | 100 |
| കിളിയന്തറ എച്ച്.എസ് | 83 | 83 | 29 | 11 | 100 |
| കൊളക്കാട് എച്ച്.എസ് | 103 | 103 | 31 | 15 | 100 |
| കുടിയാൻമല എച്ച്.എസ് | 92 | 92 | 41 | 16 | 100 |
| കുന്നോത്ത് എച്ച്.എസ് | 144 | 144 | 54 | 21 | 100 |
| മണിക്കടവ് എച്ച്.എസ് | 212 | 212 | 95 | 25 | 100 |
| മേരിഗിരി എച്ച്.എസ് | 97 | 97 | 56 | 9 | 100 |
| നെല്ലിക്കുറ്റി എച്ച്.എസ് | 72 | 72 | 30 | 11 | 100 |
| പൈസക്കരി എച്ച്.എസ് | 112 | 112 | 39 | 6 | 100 |
| പാലാവയൽ എച്ച്.എസ് | 125 | 125 | 42 | 10 | 100 |
| പേരാവൂർ എച്ച്.എസ് | 294 | 294 | 107 | 32 | 100 |

| | | | | | |
|---|---|---|---|---|---|
| പെരുമ്പടവ് എച്ച്.എസ് | 132 | 132 | 50 | 10 | 100 |
| പുലിക്കുരുമ്പ എച്ച്.എസ് | 53 | 53 | 24 | 5 | 100 |
| തോമാപുരം എച്ച്.എസ് | 154 | 152 | 51 | 26 | 99 |
| വായാട്ടുപറമ്പ എച്ച്.എസ് | 189 | 189 | 79 | 36 | 100 |
| വെളിമാനം എച്ച്.എസ് | 185 | 184 | 43 | 24 | 99.46 |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 193 | 193 | 70 | 29 | 100 |

## കിളിയന്തറ ഹൈസ്കൂൾ പുതിയ കെട്ടിടം

കിളിയന്തറ ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പു കർമ്മവും ഉദ്ഘാടനവും 2021 ജൂലൈ 14 വ്യാഴായ്ച 3 മണിക്ക് നടത്തി. തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. തലശ്ശേരി ജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീമതി അംബിക എ.പി കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പാംപ്ലാനി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അനുഗ്രഹ പ്രഭാഷണം നടത്തി. രാഷ്ട്രീയ സാമൂഹിക രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നേതൃത്വം നല്കിയ ബഹുമാനപ്പെട്ട മാത്യു പോത്തനാമല അച്ചനും അച്ചനോടൊത്ത് സഹകരിച്ച അധ്യാപകർക്കും രക്ഷിതാക്കൾക്കും ഇടവകക്കാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

## ഉദയഗിരി യു.പി. സ്കൂളിന് പുതിയ സ്കൂൾ കെട്ടിടം

ഉദയഗിരി പ്രത്യാശ യു.പി സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പു കർമ്മം 2021 മെയ് 31-ന് ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവഹിച്ചു. മുൻ കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ എന്നിവർ അനുഗ്രഹ ഭാഷണം നടത്തി. രാഷ്ട്രീയ സാമൂഹിക രംഗത്തെ നിരവധി പ്രമുഖർ പങ്കെടുത്തു.

പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ കഠിനാധ്വാനം ചെയ്ത ഫാ. ജോസഫ് കളരിക്കലിനും അച്ചനോടൊത്ത് സഹകരിച്ച എല്ലാർക്കും പ്രത്യേകം നന്ദി.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**

കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ (2021-22) അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. Management / NRI ക്വാട്ടയിൽ ഇപ്പോൾത്തന്നെ സീറ്റുകൾ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക : 8281750777, 9400062919, 9400062918, 0460 2212240, 2213399

**ചുരുങ്ങിയ ചിലവിൽ അന്തരീക്ഷത്തിൽ നിന്നും നേരിട്ട് ഓക്സിജനെ വേർതിരിക്കുന്ന മെഷീൻ നിർമ്മിച്ചു വിമൽജ്യോതി വിദ്യാർത്ഥികൾ**

ശ്വസന സംബന്ധമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കോവിഡ് രോഗികൾക്ക് ആശുപത്രികളിൽ ആവശ്യമായ ഓക്സിജന്റെ കടുത്ത ക്ഷാമം അനുഭവപ്പെടുന്നു എന്ന വാർത്ത മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഈ കാലയളവിൽ ചുരുങ്ങിയ ചിലവിൽ അന്തരീക്ഷത്തിൽനിന്നും നേരിട്ട് ഓക്സിജനെ വേർതിരിച്ചെടുക്കുന്ന മെഷീൻ നിർമ്മിച്ച് വീണ്ടും വിമൽ ജ്യോതി വിദ്യാർത്ഥികൾ ശ്രദ്ധിക്കപ്പെട്ടു. രണ്ടാംവർഷ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് വിഭാഗം വിദ്യാർത്ഥികളായ അങ്കിത എൻ., മാനസ് ടോം, ആഷിക് ബെന്നി, ജോബിൻ ജോസഫ്, നിസ്വാർത് എ. വി., ധനുഷ് സി. എച്ച്., നെവിൻ സജി, നയന സജി, ഗോപിക ഗോപാലകൃഷ്ണൻ, ഗീതിക ടി., ശിൽപ എം. നായർ, ജീന ജോർജ് എന്നിവർ ചേർന്നാണ് ഈ ഓക്സിജൻ കോൺസെൻട്രേറ്ററിന്റെ പ്രോട്ടോടൈപ്പ് വേർഷൻ രൂപകൽപ്പന ചെയ്തത്. വിപണിയിൽ ഇന്ന് ലഭ്യമാകുന്ന ഓക്സിജൻ കോൺസെൻട്രേറ്ററിനേക്കാൾ വളരെ ചുരുങ്ങിയ ചിലവിൽ ആവശ്യക്കാർക്ക് ലഭ്യമാക്കാൻ സാധിക്കുന്ന ഈ മെഷീൻ വ്യാവസായിക അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാകും വിധം നിർമ്മിച്ച് നല്കുന്നതിനുള്ള ഒരുക്കത്തിലാണ് കോളേജും വിദ്യാർഥികളും. ഇപ്പോൾ വിപണിയിലുള്ള കോൺസെൻട്രേറ്ററിന് ഏകദേശം 60,000/- രൂപ മുതൽ ഒരു ലക്ഷം രൂപയോളം ചെലവ് വരുമെന്നും എന്നാൽ കുട്ടികൾ നിർമ്മിച്ച ഈ മെഷീന് 26,000/- രൂപയ്ക്ക് അടുത്തു മാത്രമേ ചെലവ് വരു എന്നും വിദ്യാർഥികൾ അവകാശപ്പെട്ടു. കോവിഡ് കാലഘട്ടത്തിൽ തന്നെ ജനോപകാരപ്രദമായ മെഡിക്കൽ അസിസ്റ്റന്റ്സ് റോബോട്ട്, പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ ഡിസ്പെൻസർ, റോബോ സാനിറ്റൈസർ ഡിസ്പെൻസർ, വലിയ

മാളുകളിലും, ഹോസ്പിറ്റലുകളിലുമൊക്കെ ജനത്തിരക്ക് നിയന്ത്രണം സാധ്യമാക്കുന്ന ക്രൗഡ് കൺട്രോളിംഗ് റോബോ സിസ്റ്റം അടക്കമുള്ള പല കണ്ടുപിടുത്തങ്ങളും നടത്തി കണ്ണൂർ ജില്ലയിലുള്ള വിവിധ കോവിഡ് സെന്ററുകളിലേക്ക് നൽകിയിരുന്നു.

## അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു

ജൂലൈ 12 മുതൽ 16 വരെ തീയതികളിൽ അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. എ.ഐ.സി.ടി.ഇ.യുടെ അദ്ധ്യാപക പരിശീലന പരിപാടിയുടെ ഭാഗമായാണ് വിമൽ ജ്യോതിയുടെ നേതൃത്വത്തിൽ ഈ പരിശീലനം നടന്നത്. വെർച്വൽ ഓഗ്മെന്റഡ് റിയാലിറ്റി ഫോർ റോബോട്ടിക്സ് എന്ന വിഷയത്തിലാണ് 5 ദിവസം നീണ്ടുനിന്ന പരിശീലനം നടന്നത്. പരിശീലന പരിപാടിയുടെ ഔപചാരികമായി ഉദ്ഘാടനം കോളേജ് ചെയർമാൻ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പൽ ഡോ.ബെന്നി ജോസഫ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.ഗ്ലാൻ ദേവദാസ് എന്നിവർ പങ്കെടുത്തു.

## എൻജിനീയറിംഗ് - മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്

2021 ആഗസറ്റ് 5ന് നടക്കാനിരിക്കുന്ന കേരള എൻജിനീയറിംഗ് - മെഡിക്കൽ പ്രവേശനപരീക്ഷകൾക്കുള്ള **(KEAM - NEET - JEE)** പരിശീലനങ്ങൾ ഓൺലൈനായി വിമൽ ജ്യോതിയിൽ നിന്നും നടത്തി. ഈ വർഷം എൻട്രൻസ് പരീക്ഷകളുടെ റാങ്ക്ലിസ്റ്റ് മാത്രം അനുസരിച്ചാണ് അഡ്മിഷനുകൾ നടത്തപ്പെടുക. ആയതിനാൽ നമ്മുടെ കുട്ടികൾക്ക് അഡ്മിഷൻ സംബന്ധമായ മാർഗനിർദ്ദേശങ്ങൾ ആവശ്യമുണ്ടെങ്കിൽ ഈ കൊടുത്തിരിക്കുന്ന നമ്പരുകളിൽ ബന്ധപ്പെടുക : 8281750777, 9400062918, 9400062919, 9447683082

## പ്ലേസ്മെന്റ് വാർത്തകൾ

- ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ VVDN TECHNOLOGIES വിമൽ ജ്യോതിയിൽ നിന്നും 2021 അദ്ധ്യയന വർഷം പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ 2 വിദ്യാർത്ഥികൾക്ക് പ്രതിമാസം 30,000/- ത്തിനടുത്ത് ശമ്പളവാഗ്ദാനത്തോടെ ജോലി ലഭിച്ചു.
- ഇന്ത്യൻ MNC കമ്പനിയായ TCS fresher's hiring-ലെ ഏറ്റവും ഉയർന്ന പ്രൊഫൈൽ ആയ TCS Digital- ലേയ്ക്ക് വിമൽ ജ്യോതിയിലെ 3 അവസാന വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 60,000/ - രൂപ ശമ്പളവാഗ്ദാനത്തിൽ ജോലി ലഭിച്ചു.
- ഐ.ടി. മേഖലയിലെ പ്രശസ്ത കമ്പനിയായ ACCENTURE സംഘടി

പ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ വിമൽ ജ്യോതിയിലെ 6 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 4,00,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്ന ജോലിയാണിത്.

- കൊച്ചിൻ ബേസ്ഡ് കമ്പനിയായ INNOVATURE LABS സംഘടിപ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത കമ്പ്യൂട്ടർ സയൻസിലെ 4 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- പ്രമുഖ ഇന്ത്യൻ കമ്പനിയായ RAPIDVALVE TECHNOLOGIES നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 3 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- പ്രശസ്ത ഐ.ടി. കമ്പനിയായ CAPEGEMINI സംഘടിപ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 50-ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. അവസാനവർഷ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷനിലെ 1 വിദ്യാർത്ഥിക്ക് പ്രതിവർഷം 4 ലക്ഷം രൂപ ശമ്പളവാഗ്ദാനത്തിൽ ജോലി ലഭിച്ചു.
- പ്രമുഖ ബാങ്കായ FEDERAL BANK വിമൽ ജ്യോതിയിൽ ജൂലൈ 19-ന് ക്യാംപസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. ഫലം ആഗസ്റ്റ് 10-ഓടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- 2018-2022 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കുന്ന അവസാന വർഷ വിദ്യാർത്ഥികൾക്കായി SOTI, QUEST GLOBAL, VIRTUSA, TCS എന്നീ പ്രമുഖ കമ്പനികൾ ജൂലൈ-ആഗസ്റ്റ് മാസങ്ങളിലായി റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. ഓഗസ്റ്റ്, സെപ്തംബർ മാസങ്ങൾ ഇന്ത്യയിലെ വിവിധ കലാലയങ്ങളിലെ വിവിധ കോഴ്സുകൾക്കുള്ള അഡ്മിഷൻ നടക്കുന്ന സമയമാണല്ലോ. ഇത്തരം പരീക്ഷകൾക്കുവേണ്ടി നമ്മുടെ കുട്ടികളെ ഒരുക്കാം. ഇപ്പോൾ വിവിധ പരിശീലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കുട്ടികളെ ഇത്തരം പരീക്ഷകളെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുമല്ലോ. 2021 ഓഗസ്റ്റ് – സെപ്തംബർ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

**1. German Language Coaching**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1,A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് ആഗസ്റ്റ് 2 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. എല്ലാ തിങ്കളാഴ്ച്ചകളിലും A1 ന്റെ പുതിയ ബാച്ചുകൾ ആരംഭിക്കത്തക്ക വിധത്തിലാണ് ക്ലാസ്സുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

**2. IELTS / OET**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

### 3. സാൻജോസ് പ്ലസ് വൺ / പ്ലസ് ടു (SAVE +2)

പ്ലസ് വൺ, പ്ലസ്ടുവിൽ പഠിക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, വിവിധ എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ അക്കാഡമിയിൽ 15.08.2021 മുതൽ ആരംഭിച്ചിരിക്കുന്നു. ഇന്ത്യയിലെ വിവിധ കലാലയങ്ങളിലേയ്ക്ക് പ്ലസ്ടുവിന് ശേഷം നടക്കാനിരിക്കുന്ന പരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണിത്. ഈ വർഷം പ്ലസ്ടു സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലന പരിപാടിക്ക് ഫീസ് 10000/- രൂപയാണ്. നമ്മുടെ ഇടവകകളിലെ വിദ്യാർത്ഥികളെ വിവരം അറിയിക്കുമല്ലോ.

### 4. എൻജിനീയറിംഗ് - മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്

2021 ആഗസറ്റ് 5ന് നടക്കാനിരിക്കുന്ന കേരള എൻജിനീയറിംഗ് - മെഡിക്കൽ പ്രവേശനപരീക്ഷകൾക്കുള്ള **(KEAM - NEET - JEE)** പരിശീലനങ്ങൾ ഓൺലൈനായി വിമൽ ജ്യോതിയിൽ നിന്നും നടത്തി. ഈ വർഷം എൻട്രൻസ് പരീക്ഷകളുടെ റാങ്ക്ലിസ്റ്റ് മാത്രം അനുസരിച്ചാണ് അഡ്മിഷനുകൾ നടത്തപ്പെടുക. ആയതിനാൽ നമ്മുടെ കുട്ടികൾക്ക് അഡ്മിഷൻ സംബന്ധമായ മാർഗനിർദ്ദേശങ്ങൾ ആവശ്യമുണ്ടെങ്കിൽ ഈ കൊടുത്തിരിക്കുന്ന നമ്പരുകളിൽ ബന്ധപ്പെടുക : 8281750777, 9400062918, 9400062919, 9447683082

### 7. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി

കത്തോലിക്ക കോൺഗ്രസ്സിന്റെ പുതിയ ഭരണസമിതി സ്ഥാനം ഏറ്റെടുത്തു. പുതിയ അതിരൂപത ഡയറക്ടറായി ഫാദർ ഫിലിപ്പ് കവിയിലും പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേലും ചുമതല ഏറ്റെടുത്തു. കത്തോലിക്ക കോൺഗ്രസ്സിന് 3 വർഷം ദിശാബോധത്തോടെയും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ സഹായിച്ച മുൻ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിലിന് ഓൺലൈനായി യാത്രയയപ്പ് നൽകി. യാത്രയയപ്പ് സമ്മേളനം തലശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട് ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് ആശംസാപ്രസംഗം നടത്തി. 3 വർഷം നല്കിയ സഹകരണത്തിന് ഫാ. മാത്യു ആശാരിപറമ്പിൽ നന്ദി പ്രകാശിപ്പിച്ചു.

കത്തോലിക്ക കോൺഗ്രസ്സ് വായാട്ടുപറമ്പ് ഫൊറോന പ്രസിഡണ്ടായിരുന്ന പ്രിയപ്പെട്ട ജോർജ് അർത്തനാംകുന്നേലിന്റെ മരണം സഭയ്ക്കും കത്തോലിക്കാ കോൺഗ്രസ്സിനും സമൂഹത്തിനും വലിയ ദുഃഖത്തിന് കാരണമായി. ജോർജ് അർത്തനാംകുന്നേൽ അനുസ്മരണയോഗം ഓൺലൈനായി നടത്തി. അനുസ്മരണ സമ്മേളനം മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘടനം ചെയ്തു. ഫാ. മാത്യു ആശാരിപറമ്പിൽ, ഫാ. ഫിലിപ്പ് കവിയിൽ എന്നിവർ അനുസ്മരണ പ്രസംഗം നടത്തി.

## കർഷക സമരത്തിന് പിന്തുണയുമായി കത്തോലിക്ക കോൺഗ്രസ്സ് ഐക്യദാർഢ്യ ദീപം തെളിയിച്ചു

കത്തോലിക്ക കോൺഗ്രസ്സ് പ്രവർത്തകരുടെ ഭവനങ്ങളിൽ ഡൽഹിയിൽ സമരം നടത്തുന്ന കർഷകർക്ക് പിന്തുണ അറിയിച്ചുകൊണ്ട് ഐക്യ ദാർഢ്യ ദീപം തെളിയിച്ചു. അതിരൂപതാതല ഉദ്ഘാടനം രൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ നിർവ്വഹിച്ചു.

## പെട്രോളിയം വില വർദ്ധനവിനെതിരെ സമരം ചെയ്തു

അനിയന്ത്രിതമായി പെട്രോളിയം വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന നടപടിയിൽ പ്രതിഷേധിച്ച് കേന്ദ്ര സർക്കാരിന്റേ നടപടിയിൽ കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ വായ മുടികെട്ടി കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകരുടെ ഭവനങ്ങളിൽ പ്രതിഷേധിച്ചു. അതിരൂപതാതല ഉദ്ഘാടനം ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ നിർവ്വഹിച്ചു.

## ഫാ. സ്റ്റാൻസ് സ്വാമിയുടെ മരണത്തിൽ പ്രതിഷേധിച്ചു

മനുഷ്യാവകാശ പ്രവർത്തകനായ ഫാ. സ്റ്റാൻസ് സ്വാമിയെ ജയിലിൽ അടച്ച് ജയിലിൽ വെച്ച് മരിക്കാനിടയായ സംഭവത്തിൽ രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തകരുടെ ഭവനങ്ങളിലും പള്ളികളുടെ മുമ്പിലും പ്രതിഷേധ ധർണ്ണ നടത്തി. പ്രതിഷേധ ധർണ്ണ ഉദ്ഘാടനം മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. മാർ ജോർജ് വലിയമറ്റം, മാർ ജോസഫ് പാംപ്ലാനി, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. തോമസ് തെങ്ങുംപള്ളിൽ എന്നിവർ

ധർണ്ണയിൽ പങ്കെടുത്തു. ഇടവകകളിൽ ബഹു. വൈദികരും കത്തോലിക്ക കോൺഗ്രസ്സ് പ്രവർത്തകരോടൊപ്പം സമരത്തിന് നേതൃത്വം നൽകി.

**ഡൽഹിയിൽ കത്തോലിക്ക ദേവാലയം പൊളിച്ചതിൽ പ്രതിഷേധിച്ചു**

ഡൽഹി സർക്കാർ അനധികൃതമായി ഡൽഹിയിലുള്ള കത്തോലിക്ക ദേവാലയം പൊളിച്ചതിൽ പ്രതിഷേധിച്ച് തലശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ്സിലെ പ്രവർത്തകരുടെ വീടുകളിലും പള്ളികളിലും പ്രതിഷേധ ദീപം തെളിയിച്ചു. ഉദ്ഘാടനം ചെറുപുഴയിൽ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. രൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ചെറുപുഴ ഫൊറോന വികാരി ഫാ. ജോസ് വെട്ടിക്കൽ, രൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ, രൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, ഫൊറോന പ്രസിഡണ്ട് സിബി ജാതിക്കുളം എന്നിവർ നേതൃത്വം നൽകി.

**പൾസ് ഓക്സീമീറ്റർ വിതരണം** : കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കത്തോലിക്ക കോൺഗ്രസ്സ് സഭാ സംവിധനങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചു. കോവിഡ് ബാധിതരുടെ വീടുകളിൽ ഭക്ഷണ പദാർത്ഥം എത്തിക്കുന്നതിനും മരുന്നുകൾ എത്തിക്കുന്നതിനും യൂണിറ്റ് കമ്മറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു. കോവിഡ് ബാധിതരെ സഹായിക്കുന്നതിനായി പൾസ് ഓക്സിമീറ്ററുകൾ കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതി അതിരൂപത കമ്മിറ്റിക്ക് നൽകി. താമരശ്ശേരി രൂപത അദ്ധ്യക്ഷൻ മാർ റെമീജിയസ് ഇഞ്ചാനാനി പിതാവിൽ നിന്നും പൾസ് ഓക്സിമീറ്ററുകൾ ഏറ്റുവാങ്ങി. താമരശ്ശേരി ബിഷപ്പ് ഹൗസിൽ വെച്ച് നടന്ന ചടങ്ങിൽ ബേബി നെട്ടനാനി, ബെന്നി പുതിയാംപുറം, അഡ്വ. ഷീജ സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. ഇരിട്ടിയിൽ വെച്ച് നടന്ന സമ്മേളനത്തിൽ വെച്ച് മാർ ജോർജ് ഞറളക്കാട്ട് പിതാവ് പൾസ് ഓക്സിമീറ്ററുകൾ, രൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേലിനെ ഏൽപ്പിച്ചു. രൂപതയിലെ 100 പള്ളികളിൽ പൾസ് ഓക്സിമീറ്ററുകൾ വിതരണം ചെയ്തു. പനത്തടി, തോമാപുരം, ചെറുപുഴ, മേരിഗിരി മേഖലയിലെ പൾസ് ഓക്സിമീറ്ററുകളുടെ വിതരണം മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു.

**കോശി കമ്മീഷന് നിവേദനം സമർപ്പിച്ചു** : ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നിയോഗിക്കപ്പെട്ട കോശി കമ്മീഷന് മുമ്പാകെ രൂപത സംവിധാനങ്ങളോടൊപ്പം കത്തോലിക്ക കോൺഗ്രസ്സും നിവേദനം നൽകി വരുന്നു. ഒരിടവകയിൽ നിന്നും 10 നിവേദനം എന്ന തോതിൽ 1100 നിവേദനം സമർപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. തലശ്ശേരി അതിരൂപതയിൽ നിന്നും ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ടായി ബേബി നെട്ടനാനി, സെക്രട്ടറിയായി ചാക്കോച്ചൻ കാരാമയിൽ, വർക്കിംഗ് കമ്മിറ്റി മെമ്പറായി അഡ്വ. ബിനോയ് തോമസ് എന്നിവർ തെഞ്ഞെടുക്കപ്പെട്ടു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
അതിരൂപത പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
അതിരൂപത ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

സർവകലാശാല തലത്തിൽ നിർമ്മലഗിരി കോളേജിന് ലഭിച്ച അംഗീകാരമാണ് ജൂലൈ മാസത്തെ പ്രധാന വാർത്ത. കോളേജിലെ എൻ എസ്എസ് യൂണിറ്റിനേയും പ്രോഗ്രാം ഓഫീസർ ഡോ. ദീപമോൾ മാത്യുവിനേയും മികച്ച യൂണിറ്റും മികച്ച പ്രോഗ്രാം ഓഫീസറുമായി തെരഞ്ഞെടുക്കപ്പെടുക വഴി കോളേജിന്റെ യശഃസാണ് ഉയർന്നത്.

ജൂലൈ ഒന്നിന് ഡോക്ടേഴ്സ് ദിനാചരണത്തോടനുബന്ധിച്ച് നിർമ്മലഗിരി കോളേജ് എൻ. എസ് എസ് ഡോക്ടർമാരെ ആദരിച്ചു തൊക്കിലങ്ങാടി സിംഹാൻസ് ഹോസ്പിറ്റലിലെ മാനസികാരോഗ്യ വിദഗ്ദ്ധരായ ഡോ. സിസ്റ്റർ വിനീത ടോം, ഡോ. വിനായക് എന്നിവരേയും ഗ്രാമീണ ആതുര സേവന രംഗത്തെ അറിയപ്പെടുന്ന ഡോക്ടർ ടെസ്സി ബാബുവിനെയുമാണ് ആദരിച്ചത്. സിംഹാൻസ് ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ എൻ.എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപ മോൾ മാത്യു മൂന്നുപേരെയും പൊന്നാട അണിയിച്ച് ഫലകവും പുസ്തകം നൽകി ആദരിച്ചു. എൻ.എസ് എസ് സെക്രട്ടറിമാരായ സ്വാതി ബാലകൃഷ്ണൻ ഗോപികാ ടി.സി എന്നിവർ പങ്കെടുത്തു.

ജൂലൈ 4ന് സെന്റ് ജോസഫ് യുപി സ്കൂൾ മലയിഞ്ചിപ്പാറയിൽ നിർമ്മലഗിരി കോളേജ് നടത്തുന്ന സ്പീക്ക് ഈസി പ്രോഗ്രാം പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെവി ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ചെറുകരക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഇംഗ്ലീഷ് വിഭാഗം അധ്യക്ഷ സിസ്റ്റർ സോണിയ ഫിലോമിന ആശംസയർപ്പിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിൻസ് മേരി സ്വാഗതവും മേഖ ആർ മാണിക്കോത്ത് നന്ദിയും പറഞ്ഞു. 2021 ജൂലൈ മുതൽ 2022 മാർച്ചുവരെ നീളുന്ന ഇംഗ്ലീഷ് പഠന പദ്ധതിയാണിത്.

ജൂലൈ 5 ന് ഫിനാൻഷ്യൻ അവയർനസ് ഫോർ ഇൻവസ്റ്റേഴ്സ് എന്ന വിഷയത്തിൽ ഇക്കണോമിക്സ് വിഭാഗം വെബിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെവി ഉദ്ഘാടനം ചെയ്തു. ട്രെയിനർ മനോജ് ടി. നീലകണ്ഠൻ വിഷയാവതരണം നടത്തി. ഇക്കണേമിക്സ് വിഭാഗം അധ്യക്ഷൻ ഡോ.ടി.കെ സെബാസ്റ്റ്യൻ സ്വാഗതവും പ്രോഗ്രാം കൺവീനർ അസി. പ്രൊഫ. മനു കെ. എം. നന്ദിയും പറഞ്ഞു.

ജൂലൈ 6 ന് നിർമ്മലഗിരി കോളജിന്റെ സഹായത്തോടെ കണ്ണവം പെരുവ കോളനിയിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന്റെ ഉദ്ഘാടനം വനംമന്ത്രി എ.കെ ശശീന്ദ്രൻ ഓൺലൈനായി നിർവഹിച്ചു. കണക്ഷൻ വളരെ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രവർത്തിച്ച ബിഎസ്എൻഎൽ, കെഎസ്ഇബി, വനം വകുപ്പ് അധികൃതരെയും നിർമ്മലഗിരി കോളേജിനേയും മന്ത്രി പ്രസംഗത്തിൽ അഭിനന്ദിച്ചു.

തലശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. കോളയാട് പഞ്ചായത്ത് പ്രസിഡന്റ് എം. റിജി അധ്യക്ഷത വഹിച്ചു. കാസർകോഡ് എംഎൽഎ എൻ എ നെല്ലിക്കുന്ന്, ബി.എസ്.എൻ.എൽ ജനറൽ മാനേജർ വേണുഗോപാൽ, നിർമ്മലഗിരി കോളജ് ബർസാർ ഫാ. ഷാജി തെക്കേമുറി, വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ്, ഡോ. സാബു സെബാസ്റ്റ്യൻ, വാർഡ് മെമ്പർ റോയി പൗലോസ്, കോളജ് അലുംനിയെ പ്രതിനിധീകരിച്ച് ജയിൻ അഗസ്റ്റിൻ തുടങ്ങിയവർ പ്രസംഗിച്ചു. കണ്ണൂർ ഡി.എഫ്.ഒ പി. കാർത്തിക് സ്വാഗതവും അസി. ഫോറസ്റ്റ് കൺസർവേറ്റർ ജി. പ്രദീപ് നന്ദിയും പറഞ്ഞു. വിവിധ ഉദ്യോഗസ്ഥർ പങ്കെടുത്തു. കണ്ണവം റെഞ്ചർ ഡി. ഹരിലാൽ, ബി.എസ്.എൻ എൽ ജെ.ടി.ഒ റിഷിൽകുമാർ, കെ.എസ്.ഇ.ഇ.ബി ഉദ്യോഗസ്ഥൻ ടോം കുടക്കച്ചിറ, ഡോ. ദീപു തോമസ്, എന്നിവരുടെ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വേഗത്തിൽ ഒരുക്കിയതോടെയാണ് കണക്ഷൻ ലഭിക്കാനുള്ള സംവിധാന മുണ്ടായത്. തുടർന്നാണ് വളരെ വേഗം നടപടികൾ പൂർത്തീ കരിച്ചത്.

ജൂലൈ 8ന് നിർമ്മലഗിരി കോളേജ് എൻ.എസ്.എസും ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റും സംയുക്തമായി സംഘടിപ്പിച്ച രണ്ട് ആഴ്ച നീണ്ട യോഗാ പരിശീലനം സമാപിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു അധ്യക്ഷത വഹിച്ചു. ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം അധ്യക്ഷൻ ഷിനിൽ കുര്യാക്കോസ് പരിശീലന പരിപാടി വിലയിരുത്തി സംസാരിച്ചു. എൻ.എസ്.എസ്. വോളന്റിയേഴ്സായ അശ്വതി ബിജിത്ത്, റിമി ചെറിയാൻ, യൂജിൻ ജെ. എസ്, നന്ദനാ വി. കുമാർ എന്നിവർ സംസാരിച്ചു.

11 ന് ഇംഗ്ലീഷ് വിഭാഗം ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ് ഡയലോഗ് ആൻഡ് ഡിസ്കോഡ് എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പാലാ സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസി. പ്രഫ. ജോബി മാത്യു വിഷയാവതരണം നടത്തി. ഇംഗ്ലീഷ് വിഭാഗം അധ്യക്ഷ സിസ്റ്റർ സോണിയ ഫിലോമിന സ്വാഗതവും അസി. പ്രൊഫ. ഫിനിതാ ജോസ് നന്ദിയും പറഞ്ഞു.

14 ന് ബാംഗളൂർ സെന്റ് ക്ളാരറ്റ് കോളേജ് സംഘടിപ്പിച്ച നാഷണൽ ഇന്റർ കോളേജിയറ്റ് കൾച്ചറൽ ആൻഡ് ആർട്ട് ഫെസ്റ്റിൽ നിർമ്മലഗിരിയുടെ യശഃസ്സ് ഉയർത്തി സൂര്യനന്ദൻ, അഭിനവ്, ജോർജ് സിദ്ധാർത്ഥ് എന്നിവർ സമ്മാനാർഹരായി. ഈസ്റ്റേൺ മ്യൂസിക്കിൽ ഒന്നും മൂന്നും സ്ഥാനവും പെൻസിൽ ഡ്രോയിംഗിൽ രണ്ടാം സ്ഥാനവുമാണ് ലഭിച്ചത്.

16 ന് കണ്ണൂർ യൂണിവേഴ്സിറ്റിയിലെ ബെസ്റ്റ് എൻ എസ് എസ് പ്രോഗ്രാം ഓഫീസർ അവർഡ് നേടിയ ഡോ. ദീപാ മോൾ മാത്യുവിനെ ആദരിച്ചു.

പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെവി അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത സഹായ മെത്രാനും നിർമ്മലഗിരി കോളേജ് മാനേജറുമായ മാർ ജോസഫ് പാംബ്ലാനി ആദരഭാഷണം നടത്തി. ബർസാർ ഫാ. ഷാജി തെക്കേമുറി, ഐ ക്യൂ എസി കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ തോമസ് എം.ജെ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഡോ. ദീപാ മോൾ മാത്യു മറുപടി പ്രസംഗം നടത്തി. ചടങ്ങിന് കോളേജ് വൈസ് പ്രിൻസിപ്പൽ റവ.ഡോ. ജോബി ജേക്കബ് സ്വാഗതവും സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ഫാ. മാർട്ടിൻ ജോസഫ് നന്ദിയും പറഞ്ഞു.

17 ന് നിർമ്മലഗിരി കോളേജ് എൻ.എസ് എസ് സ്റ്റിൽ ഐ റൈസ് എന്ന വെബിനാർ സംഘടിപ്പിച്ചു. സാഹചര്യങ്ങളെ വെല്ലുവിളിച്ച് നിശ്ചയ ദാർഢ്യവും കഠിനാധ്വാനവും കൊണ്ട് സബ് ഇൻസ്പെക്ടർ പദവിയിലെത്തിയ ആനി ശിവ മുഖ്യപ്രഭാഷണം നടത്തി. ജീവിതത്തിൽ സന്തോഷമാണ് പ്രധാനം അതിന് ജീവിത വിജയമാണ് ആവശ്യം. മാർക്കിനെ മാത്രം അടിസ്ഥാനമാക്കിയുള്ളതല്ല ജീവിത വിജയമെന്നും വിജയം നിശ്ചയിക്കുന്നത് നമ്മുടെ വിൽപവറാണെന്നും നാം വിചാരിച്ചാൽ നേടാൻ പറ്റാത്തതായി ഒന്നുമില്ലെന്നും അവർ പറഞ്ഞു.

കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. എൻ.എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു സ്വാഗതവും വോളന്റിയർ സെക്രട്ടറി ഗോപികാ ടി.സി. നന്ദിയും പറഞ്ഞു. സ്വാതി ബാലകൃഷ്ണൻ സജ്ജയ്, ആർഷ ജോണി സെസി തോമസ് എന്നിവർ സംസാരിച്ചു.

അന്നു തന്നെ നിർമ്മലഗിരി കോളജ് ഹോം സയൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീധന ഭാരത്താൽ തൂങ്ങിയാടാനുള്ളതല്ല പെൺ ജന്മങ്ങൾ എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മുൻ മന്ത്രിയും എം. എൽ. എയുമായ കെ. കെ. ശൈലജ മുഖ്യാതിഥി ആയിരുന്നു. കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം എൻ. സുകന്യ വിഷയാവതരണം നടത്തി. പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ, ഡോ. സാബു സെബാസ്റ്റ്യൻ, സിസ്റ്റർ സെലിൻ മാത്യു, പൂജ രതീശൻ, കെ. ഷാലു എന്നിവർ പ്രസംഗിച്ചു.

18 ന് പെരുവാ കോളനിയിൽ സ്പീക്ക് ഈ സി ഇംഗ്ലീഷ് ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം നിർവഹിച്ചു. കോളയാട് ഗ്രാമപഞ്ചായത്ത് മെമ്പർ റോയ് കെ. പൗലോസ് അധ്യക്ഷത വഹിച്ചു. രാജേഷ് കെ. എം. (എജി എം, ബി എസ് എൻ എൽ, കണ്ണൂർ) ഡി. ഹരിലാൽ (റേഞ്ച് ഓഫീസർ കണ്ണവം) രാജ് സെബാൻ (അലുംമ്നി നിർമ്മലഗിരി കോളേജ്), പി. സി. ഗീത (ഹെഡ് മിസ്ട്രസ് ജി. യുപിഎസ് പാലയത്തുവയൽ) സിസ്റ്റർ സോണിയ ഫിലോമിന (ഇംഗ്ലീഷ് വിഭാഗം അധ്യക്ഷ നിർമലഗിരി കോളേജ്) പി. മോഹനൻ (മെന്റർ,

സ്വീക്ക് ഈ സി സ്കൂൾ) എന്നിവർ ആശംസകളറിയിച്ച് സംസാരിച്ചു. ഫിസിക്സ് വിഭാഗം അസി പ്രൊഫ. ഡോ. ദീപു തോമസ് സ്വാഗതവും സ്വീക്ക് ഈ സി ട്രെയിനർ ശ്രദ്ധ എ. എൻ നന്ദിയും പറഞ്ഞു.

19 ന് കോളയാട് പെരുവ കോളനിയിലെ സ്കൂൾ വിദ്യാർഥികൾക്ക് പഠനം എളുപ്പമാകുന്നതിനുവേണ്ടി നിർമ്മലഗിരി കോളേജ് എൻ എസ് എസ് വോളന്റിയർസ് സൗജന്യമായി ക്ലാസ്സ് എടുക്കുന്ന ഈ ടീച്ച് പദ്ധതിക്ക് തുടക്കമായി. ഒരു കുട്ടിക്ക് ഒരു വിഷയത്തിന് ഒരു വോളന്റിയർ'എന്ന രീതിയിൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്. കോളനിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഉദ്ഘാടനം രാവിലെ 9 ന് കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ നിർവ്വഹിച്ചു. കോളയാട് പഞ്ചായത്ത് മെമ്പർ റോയ് കെ. പൗലോസ് അധ്യക്ഷത വഹിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് മുഖ്യപ്രഭാഷണം നടത്തി.

അന്നേ ദിവസം തന്നെ എൻസി.സി 9 ഗേൾസ് ബറ്റാലിയനും നിർമ്മലഗിരി കോളേജ് ഫിസിക്കൽ എഡ്യുക്കേഷനും സംയുക്തമായി രണ്ടാഴ്ച നീണ്ടുനിൽക്കുന്ന യോഗപരിശീലനം ആരംഭിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ ഉദ്ഘാടനം നിർവഹിച്ചു. ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം അധ്യക്ഷൻ അസി. പ്രൊഫ. ഷിനിൽ കുര്യാക്കോസ് മുഖ്യപ്രഭാഷണം നടത്തി. ലഫ്. കേണൽ സുജാ മറിയാമ്മ ജോഷ്വാ അധ്യക്ഷത വഹിച്ചു.

22 ന് ജില്ലാ വനിതാ ശിശു ക്ഷേമ വകുപ്പ് മഹിളാ ശക്തി കേന്ദ്രയും നിർമലഗിരി കോളേജ് എൻ എസ് എസും സംയുക്തമായി 'ജൻഡർ റിലേഷൻഷിപ്' എന്ന വിഷയത്തിൽ വെബിനാർ നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ വി ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ജന്റർ ട്രെയിനറും പ്രശസ്ത സാമൂഹ്യ പ്രവർത്തകയുമായ പ്രീത കെപിവി മുഖ്യഭാഷണം നടത്തി.

24 ന് നിർമ്മലഗിരി കോളേജ് എൻഎസ്എസിന്റെ ആഭിമുഖ്യത്തിൽ സ്ത്രീധന നിരോധന നിയമത്തെക്കുറിച്ചും ഗാർഹിക പീഡന നിയമത്തെക്കുറിച്ചും വെബിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. സുപ്രീം കോർട്ട് അഡ്വ. ധ്രുവ് ജോസ് കണ്ണന്താനം വിഷയാവതരണം നടത്തി. എൻ.എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു അധ്യക്ഷത വഹിച്ചു. വോളന്റിയർ സനിക സ്വാഗതവും ജോയ്സ് ജോസ് നന്ദിയും പറഞ്ഞു.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപാന ചികിത്സാകേന്ദ്രം

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം

കണ്ണൂർ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന്റെയും പ്രതീക്ഷയുടെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം ജൂൺ 26-ന് പ്രതീക്ഷയിൽ വെച്ച് നടന്നു. മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന്റെ ജില്ലാ മേധാവി ശ്രീമതി അഞ്ജു മോഹൻ മുഖ്യപ്രഭാഷണവും ഫാ. മാത്യു കാരിക്കൽ ആശംസയും അർപ്പിച്ചു.

## ഡോക്ടേഴ്സ് ഡേ

ജൂലൈ 1-ന് ഡോക്ടേഴ്സ് ഡേ ആചരിച്ചു. എരഞ്ഞോളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീഷ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഡയറക്ടറച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. സെറീബയെ ആദരിച്ചു.ഫാ. മാത്യു കാരിക്കൽ ആശംസാപ്രസംഗം നടത്തി.

## ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തിൽ പ്രതിഷേധിച്ചു

ജൂലൈ 7-ന് സ്റ്റാൻ സ്വാമിയുടെ മരണം ഗൂഡാലോചനയുടെയും ഭരണ ഭീകരതയുടെയും ഫലമാണെന്നാരോപിച്ച് മുക്തിശ്രീ പ്രവർത്തകർ അതിരൂപതാ തലത്തിൽ വീട്ടുപ്രതിഷേധം നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീമതി ഷിനോ പാറയ്ക്കൽ ഉദ്ഘാടനം ചെയ്തു.

## മുക്തിശ്രീയുടെ നിൽപ്പു സമരം

സ്ത്രീധന പീഡനത്തിനെതിരേ തലശ്ശേരി അതിരൂപതാ മുക്തിശ്രീ പ്രവർത്തകർ നിൽപ്പു സമരം നടത്തി പ്രതിഷേധിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീമതി ഷിനോ പാറയ്ക്കൽ ഉദ്ഘാടനം ചെയ്തു.

## പൊതുപ്രവർത്തകർക്ക് പരസ്പര സഹായ സംഘങ്ങൾ

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ അംഗങ്ങളായ പൊതുപ്രവർത്തകർക്ക് പരസ്പര സഹായസംഘങ്ങൾ ആരംഭിച്ചു. അതിരൂപതാ തലത്തിലുള്ള ഉദ്ഘാടനം ജൂലൈ 14-ന് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു.

## പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സംഘടനകളുടെ

പ്രവർത്തന മാർഗ്ഗരേഖ മാർ ജോർജ് ഞറളക്കാട്ട് ജൂലൈ 15 ആർച്ചുബിഷപ്പ് ഹൗസിൽ വെച്ച് പ്രകാശം ചെയ്തു.

## പൊതുപ്രവർത്തക സുരക്ഷാ വാരാചരണം ജൂലൈ 17-24

ദേശത്തെയും ജനതയെയും ചേർത്തു പിടിക്കുന്ന പൊതുപ്രവർത്തകരെ ചങ്ങലയ്ക്കിടരുത് എന്ന മുദ്രാവാക്യവുമായ് വാരാചരണം നടത്തി. അഗതിമന്ദിരങ്ങളിൽ വസ്ത്രങ്ങൾ, ഭക്ഷണം എന്നിവ നല്കി. വാരാചരണം മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

## പ്രവർത്തക സമിതി യോഗം

ജൂലൈ 19-ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ പ്രവർത്തക സമിതിയോഗം നടന്നു. ഡയറക്ടറച്ചൻ യോഗം ഉദ്ഘാടനം ചെയ്തു. പൊതുപ്രവർത്തകർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും നടന്നു.

## തലശ്ശേരിയുടെ പൊതുജന സേവകൻ പി.പി. മൊയ്തുവിനെ ആദരിച്ചു

കഴിഞ്ഞ 40 വർഷക്കാലമായി ആറായിരത്തിലധികം മൃതദേഹങ്ങൾ പരിപാലിച്ച് സഹായശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന പി.പി. മൊയ്തുവിനെ പ്രതീക്ഷയിൽ നടന്ന ചടങ്ങിൽ ആദരിച്ചു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യുകയും ആദരവ് നല്കുകയും ചെയ്തു. ഡയറക്ടറച്ചൻ അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി പ്രസ്സ് ഫോറം പ്രസിഡന്റ് ശ്രീ നവാസ് മേത്താർ, മെസർ ബാലകൃഷ്ണൻ, ഫാ. മാത്യു കാരിക്കൽ എന്നിവർ പ്രസംഗിച്ചു.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### തലചായ്ക്കാനൊരിടമില്ലാതെ ദുരിതമനുഭവിക്കുന്ന കുടുംബത്തിന് സ്നേഹത്തിന്റെയും കരുതലിന്റെയും തണലൊരുക്കി TSSS

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവൃത്തി പൂർത്തിയാക്കി നൽകുന്ന 80-ാമത്തേയും, മാർ വള്ളോപ്പിള്ളി ഭവന നിർമ്മാണപദ്ധതിയിലെ 401-ാമത്തേയും ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് നിർവ്വഹിച്ചു. കാസർഗോഡ് ജില്ലയിലെ ഭീമനടിയിൽ വാടകയ്ക്ക് താമസിക്കുന്ന റെജിമോൾക്കും കുടുംബത്തിനുമാണ് പുതിയ ഭവനം പണിതു നൽകിയത്. വീടിന്റെ താക്കോൽദാനം ബളാൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. രാജു കട്ടക്കയം കൈമാറി. ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അധ്യക്ഷത വഹിച്ചു. രണ്ടു കാലുകളും മുറിച്ചു മാറ്റപ്പെട്ട് മരുന്നും ചികിത്സയുമായി കഴിയുന്ന റെജിമോളും, രണ്ട് ആക്സിഡന്റുകളെ അഭിമുഖീകരിച്ച് ഭാരിച്ച ജോലികളൊന്നും ചെയ്യാൻ സാധിക്കാതെ ടാപ്പിംഗ് തൊഴിലാളിയായ ഭർത്താവ് പോൾസണും രണ്ടു മക്കളും തലചായ്ക്കാനൊരിടമില്ലാതെ ദുരിതമനുഭവിക്കുകയായിരുന്നു. ഇവരുടെ നിസ്സഹായാവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ സഹായസഹകരണങ്ങളോടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഈ ഭവനം നിർമ്മിച്ചു നൽകാൻ സാധിച്ചത്.

### സ്ത്രീധനവും സ്ത്രീ സുരക്ഷയും - ഓൺലൈൻ സെമിനാർ

ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ & ഫാമിലി കൗൺസിലിംഗ് സെന്റർ തലശ്ശേരിയും സംയുക്തമായി ഒരുക്കുന്ന ത്രിദിന ഓൺലൈൻ സെമിനാർ സംഘടിപ്പിച്ചു. ഇന്ന് സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന സ്ത്രീധനമെന്ന മാരകവിപത്തിനെതിരെ ശബ്ദമുയർത്തുക, സ്ത്രീധന നിരോധനം പ്രാബല്യത്തിൽ വരുത്തുക, ഭർതൃഗൃഹത്തിലെ ശാരീരിക-മാനസിക പീഡനങ്ങൾക്ക് അറുതി വരുത്തുക, സ്ത്രീക്കും പുരുഷനും തുല്യനീതി ഉറപ്പുവരുത്തുക തുടങ്ങിയ ആശയങ്ങളെ മുൻനിർത്തി ഒരുക്കിയ സെമിനാറിൽ ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം ആശംസിച്ചു. സെമിനാറിന്റെ ഔപചാരികമായ ഉദ്ഘാടനം തലശ്ശേരി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ശ്രീ. എ.ബി. അനൂപ് അവർകൾ നിർവ്വഹിച്ചു. പ്രഗത്ഭ നിയമപണ്ഡിതരായ അഡ്വ. ഷീല. വി.ടി., അഡ്വ. ജോതി. കെ., അഡ്വ. ബിന്ദു. കെ. തുടങ്ങിയവർ മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ച സെമിനാറിൽ ക്ലാസുകൾക്ക് നേതൃത്വം

നൽകി. സമാപനദിന സെമിനാറിന്റെ ഉദ്ഘാടനം തലശ്ശേരി സബ് ജഡ്ജ് ശ്രീ. രാമു രമേശ് ചന്ദ്രബാനു അവർകൾ നിർവ്വഹിച്ചു. മൂന്ന് ദിവസങ്ങളിലായി സംഘടിപ്പിച്ച സെമിനാറിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നായി 800-ഓളം പേർ പങ്കെടുത്തു.

## കോവിഡ്-19 വാക്സിൻ ലഭ്യമാക്കൽ

ടി.എസ്.എസ്.എസ്. ന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് ലൂർദ്ദ് ഹോസ്പിറ്റലുമായി സഹകരിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കോവിഡ്-19 വാക്സിനായ കോവിഷിൽഡ് ലഭ്യമാക്കുന്നു.ടി.എസ്.എസ്.എസ്.ൽ പണമടച്ച് പേരുകൾ രജിസ്റ്റർ ചെയ്യുന്നവർക്ക് 700/- രൂപ നിരക്കിൽ 'കോവിഷിൽഡ്' വാക്സിൻ ലഭ്യമാക്കുന്നു. ആദ്യം ടി.എസ്.എസ്.എസ്.ൽ പേരുകൾ രജിസ്റ്റർ ചെയ്യുന്നവർക്കായിരിക്കും മുൻഗണന. നേരത്തെ വാക്സിനുവേണ്ടി വിവിധ സൈറ്റുകളിൽ രജിസ്റ്റർ ചെയ്യാത്തവർക്കും ടി.എസ്.എസ്.എസ്. മേഖല ഓഫീസുകൾ വഴി വാക്സിൻ ലഭ്യമാക്കുന്നതായിരിക്കും.

## ലാപ്ടോപ്പ് വിതരണം

കോവിഡ് കാലഘട്ടത്തിൽ തൊഴിലില്ലായ്മമൂലം ബുദ്ധിമുട്ട് നേരിടുന്ന റീജ എന്ന നിർധന യുവതിക്ക് ഓൺലൈൻ ജോലികൾ ചെയ്യുന്നതിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ലാപ്ടോപ്പ് നൽകി. തലശ്ശേരി ജില്ലാ കോടതി സബ് ജഡ്ജ് ശ്രീ. രാമു രമേശ് ചന്ദ്രബാനു ലാപ്ടോപ്പ് കൈമാറി. ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ടി.എസ്.എസ്.എസ്. ബോർഡ് മെമ്പർ അഡ്വ. ഷീല വി.ടി. തുടങ്ങിയവർ സംബന്ധിച്ചു.

## യൂണിറ്റ് വാർഷിക പൊതുയോഗങ്ങൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എല്ലാ മേഖലകളിലേയും ഭാരവാഹികൾക്കായി യൂണിറ്റ് വാർഷിക പൊതുയോഗം ഗൂഗിൾമീറ്റ് വഴി സംഘടിപ്പിച്ചു. വാർഷിക പൊതുയോഗം, ഓഡിറ്റ് റിപ്പോർട്ട് അവലോകനം, അംഗത്വ സ്വീകരണം, അംഗത്വ കാർഡ് - വിവരശേഖരണം തുടങ്ങിയവയെക്കുറിച്ച് മീറ്റിംഗിൽ ചർച്ച ചെയ്തു. പനത്തടി, വെള്ളരിക്കുണ്ട്, തോമാപുരം, പൈസക്കരി, ചെമ്പേരി, ആലക്കോട്, മേരിഗിരി, ചെറുപുഴ, നെല്ലിക്കാംപൊയിൽ, എടൂർ, പേരാവൂർ തുടങ്ങിയ 11 മേഖലകളിൽ നിന്നും എല്ലാ യൂണിറ്റുകളിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

## ടി.എസ്.എസ്.എസ്. ഡോക്യുമെന്റ് അപ്ഡേഷൻ

കമ്പ്യൂട്ടർയുഗത്തിലെ നൂതന സാങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ടി.എസ്.എസ്.എസ്. ന്റെ ഡോക്യുമെന്റുകളും വിവിധ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നു. അതിന്റെ ഭാഗമായി ഓരോ യൂണിറ്റുകളിലേയും മെമ്പർമാരുടെ

വിവരശേഖരണം ആരംഭിച്ചു. ഗൂഗിൾ ഫോം വഴിയാണ് ഓരോ യൂണിറ്റിലേയും മെമ്പർമാരുടെ വിവരങ്ങൾ ശേഖരിക്കുന്നത്. വിവിധ യൂണിറ്റുകളിൽ നിന്നായി നിരവധിപേർ ഗൂഗിൾ ഫോമിൽ വിവരങ്ങൾ നൽകി.

## കോവിഡ് വാക്സിൻ ട്രയൽ വോളണ്ടിയർ - ഓൺലൈൻ മീറ്റിംഗ്

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) അംഗീകാരം നൽകിയതും പ്രാരംഭ പഠനങ്ങൾ വിജയകരമായി പൂർത്തീകരിച്ചതുമായ പുതിയതരം കോവിഡ് വാക്സിൻ എത്രത്തോളം ഉപകാരപ്രദമാണെന്ന് കണ്ടുപിടിക്കാനുള്ള ക്ലിനിക്കൽ ട്രയൽ നടത്താനുള്ള അംഗീകാരം മലബാർ കാൻസർ സെന്ററിന് ലഭിച്ചിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള ബയോടെക്നോളജി ഇൻഡസ്ട്രി റിസർച്ച് അസിസ്റ്റൻസ് കൗൺസിലിന്റെ (BIRAC) മേൽനോട്ടത്തിൽ നടക്കുന്ന വാക്സിൻ ക്ലിനിക്കൽ ട്രയലിൽ 12 വയസ്സിന് മുകളിലുള്ള ഇതുവരെ വാക്സിൻ എടുക്കാത്തവരും കോവിഡ് രോഗം പിടിപെടാത്തവരുമായ രണ്ടായിരത്തോളം വോളണ്ടിയർമാരെ അതിനായി സജ്ജരാക്കുന്നു. അതിന്റെ ഭാഗമായി കോവിഡ് വാക്സിൻ ക്ലിനിക്കൽ ട്രയലിൽ പങ്കെടുക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് വൺ ടു വൺ മീറ്റിംഗിലൂടെ തെരഞ്ഞെടുത്ത ലീഡേഴ്സുമായി സംവാദം ഒരുക്കി. മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യം, ഡോ. ചന്ദ്രൻ എസ്. നായർ തുടങ്ങിയവർ നയിച്ച സംവാദത്തിൽ ടി.എസ്. എസ്.എസ്. സ്റ്റാഫ് അംഗം സി. ആഷ ജോർജ് പങ്കെടുത്തു.

## സേവ് എ ഫാമിലി പ്ലാൻ

തലശ്ശേരി അതിരൂപതയിലെ വിവിധയിടങ്ങളിൽ ടി.എസ്.എസ്.എസ്.ന്റെ നേതൃത്വത്തിൽ സേവ് എ ഫാമിലി പ്ലാൻ (SAFP) വഴി രണ്ട് ലക്ഷം രൂപയുടെ സഹായവിതരണം നടത്തി. സാമ്പത്തികപരമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കാണ് സഹായം നൽകിയത്. ആട്, കോഴി, പശു, മുയൽ തുടങ്ങിയവയെ വളർത്തൽ, തയ്യൽ, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കാവുന്നതാണ്.

## മെഡിക്കൽ കിറ്റുകളുടെ വിതരണം

കാരിത്താസ് ഇന്ത്യയുടെയും പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററി (POC) ന്റേയും സഹകരണത്തോടെ 100-ഓളം മെഡിക്കൽ കിറ്റുകൾ ലഭ്യമായിരിക്കുന്നു. മാസ്ക്, സാനിറ്റൈസർ, പി.പി.ഇ. കിറ്റ്, തുടങ്ങി ഒരു വീട്ടിൽ അത്യാവശ്യമായി കരുതേണ്ട ഉൽപന്നങ്ങൾ മെഡിക്കൽ കിറ്റിൽ ഒരുക്കിയിരിക്കുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അത്യാവശ്യമുള്ളവർ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസുമായി ബന്ധപ്പെടുക.

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## ജൂലൈ

### ദുക്റാന തിരുനാൾ ആചരണം

ജൂലൈ മൂന്നിന് വൈകുന്നേരം ആറുമണിക്ക് സൂം ആപ്പ് വഴി വിശുദ്ധ ബലി അർപ്പിക്കുകയും വിശുദ്ധ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തെക്കുറിച്ച് ക്ലാസ്സുകളും നൽകി.

10, 17, 24, 28,31 തീയതികളിൽ വൈകിട്ട് ആറുമണിക്ക് സൂം ആപ്പ് വഴിയായി വിശുദ്ധ ബലി അർപ്പിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ബധിര സഹോദരങ്ങൾ പങ്കുചേർന്നു.

### സ്പോട്ട് കൗൺസിലിംഗ്

ആദം മിനിസ്ട്രിയുടെ വ്യക്തിതല ശുശ്രൂഷയുടെ ഭാഗമായി ഭിന്നശേഷിക്കാരുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ കൗൺസിലിംഗ്, ഭക്ഷണ കിറ്റുകൾ, സാമ്പത്തിക സഹായം എന്നിവ നൽകി.

നിമ്മി ഏലിയാസ് തിരുമേനി, ജിബിൻ രവീന്ദ്രൻ ചുണ്ട, വിന്ധ്യ നീലേശ്വരം എന്നിവരുടെ ഭവനങ്ങൾ ആണ് സന്ദർശിച്ചത്. നീലേശ്വരം ജ്യോതിഭവൻ ബധിരസ്കൂളിലെ സി. ഫിൻസി, സി. ആൻസി എന്നിവർ സന്ദർശനത്തിൽ പങ്കുചേർന്നു.

## ഓഗസ്റ്റ് പ്രോഗ്രാം

7,14,21,28 തീയതികളിൽ സൂം ആപ്പ് വഴിയായി വിശുദ്ധ ബലി.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജൂൺ 2021

26 ജൂൺ രാവിലെ 11.30 ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പ്രതീക്ഷ ലഹരി ചികിത്സാകേന്ദ്രത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 7 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന എയ്ഞ്ചൽസ് മീറ്റ് ഉദ്ഘാടനം ചെയ്തു.

27 രാവിലെ 6.30 ന് ജോസ്ഗിരി ഹോസ്പിറ്റലിൽ വി. ബലിയർപ്പിച്ചു.

28 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

29 വീഡിയോ കോൺഫറൻസിലൂടെ നടന്ന വൈദീകരുടെ റിഫ്രഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു.

30 ഉച്ചക്ക് വൈദീകരുടെ റിഫ്രഷർ കോഴ്സിൽ സമാപനസന്ദേശം നൽകി. വൈകുന്നേരം വീഡിയോ കോൺഫറൻസിലൂടെ മെത്രാന്മാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

### ജൂലൈ 2021

2 വീഡിയോ കോൺഫറൻസിലൂടെ നടന്ന ജർമ്മനിയിലും ഓസ്ട്രിയയിലുമുള്ള വൈദീകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

3 വൈകുന്നേരം 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

4 രാവിലെ 6.30 ന് തലശ്ശേരി SD കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

6 രാവിലെ 10 മണിക്ക് നെല്ലിക്കാംപൊയിൽ മിഷൻലീഗ് പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിളമന LSDP കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം 6 മണിക്ക് ഇരിട്ടി ഇടവകയിൽ AKCC യുടെ ആഭിമുഖ്യത്തിൽ നടന്ന പൾസ് ഓക്സീമീറ്റർ വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. രാത്രി 8.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സീറോ മലബാർ മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള സെമിനാറിൽ പങ്കടുത്തു.

7 രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന കോശി കമ്മീഷൻ ഏകോപന സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് 3

മണിക്ക് സീറോമലബാർ മതബോധന കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

8 രാവിലെ 10.30 ന് വീഡിയോ കോൺഫറൻസിലൂടെ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30 ന് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം വികാരി ജനറാൾ അലക്സ് താരാമംഗലത്തിലച്ചന്റെ നാമഹേതുകത്തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

11 കാഞ്ഞിരപ്പള്ളി കാപ്പാട് ബനഡിക്ടൻ ആശ്രമത്തിൽനടന്ന പുതിയ ആബട്ടിന്റെ സ്ഥാനാരോഹണ ചടങ്ങിൽ ബലിയർപ്പിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി അരമന സന്ദർശിച്ചു. വൈകുന്നേരം ചങ്ങനാശ്ശേരി അരമനയും പ്രീസ്റ്റ് ഹോമും സന്ദർശിച്ചു.

12 ഉച്ചകഴിഞ്ഞ് 3 മണിക്ക് വെള്ളരിക്കുണ്ട് ഇടവകയിൽ നടന്ന ബഹു. ജോസഫ് കീച്ചൻകേരിയച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

13 ഉച്ചകഴിഞ്ഞ് 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സിബിസിഐ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തു.

14 രാവിലെ 10 മണിക്ക് കല്ലുവയൽ ഇടവകയിൽ സി. ജിൽജ PSHJയുടെ നിത്യവ്രത വാഗ്ദാനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പാലമറ്റത്തിലച്ചന്റെയും കുടിപറമ്പിലച്ചന്റെയും ഭവനം സന്ദർശിച്ചു. വൈകുന്നേരം 4.30 ന് സീറോമലബാർ വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന അതിരൂപതാകാര്യാലയത്തിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

15 രാവിലെ 10 മണിക്ക് അരീക്കമല ഇടവകയിൽ പുതിയിടത്ത് പോളിന്റെ മകൻ ഡേവിഡ് പോളിന് മാമ്മോദീസ നൽകി. തുടർന്ന് കോവിഡ് ബാധിച്ച് മരിച്ച ശാന്തിഭവനിൽ ശുശ്രൂഷ ചെയ്തിരുന്ന സ്റ്റീഫൻ നെടുമറ്റത്തിലിന്റെ ഭവനം സന്ദർശിച്ചു.

17 കടുമേനി ഇടവകയുടെ ആഭിമുഖ്യത്തിൽ വീഡിയോ കോൺഫറൻസിലൂടെ നടത്തിയ ഫാ. ജോസഫ് കീച്ചൻകേരി അനുസ്മരണം ഉദ്ഘാടനം ചെയ്തു.

19 ഉച്ചകഴിഞ്ഞ് 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടത്തിയ പ്രസ്ബിറ്റേറിയത്തിൽ അദ്ധ്യക്ഷതച്ചു.

20 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടത്തിയ സീറോമലബാർ വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു. 11.30 ന് CBCI ഭാരവാഹികളുടെ അപ്പസ്റ്റോലിക് ന്യുൺഷ്യോയുമായുള്ള വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂൺ 2021

26. വൈകുന്നേരം 8 മണിക്ക് മിഷൻ ലീഗിന്റെ നേതൃത്വത്തിൽ നടന്ന Online Angels Meet ൽ പങ്കെടുത്ത് കുട്ടികൾക്ക് സന്ദേശം നൽകി. 9.30 ന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ Phd ചെയ്യുന്നവരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

27. വൈകുന്നേരം 8.30 ന് സി.എം.ഐ. അച്ചന്മാരുടെ വെബിനാറിൽ ക്ലാസ്സെടുത്തു.

28. വൈകുന്നേരം 9 മണിക്ക് സീറോ മലബാർ സഭയുടെ Online Spokes Persons Meet ൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

29. രാവിലെ കെ. സി. ബി. സി. മീഡിയ കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. തലശ്ശേരി അതിരൂപതയിലെ അച്ചന്മാരുടെ Online Refresher Course ൽ ക്ലാസ്സെടുത്തു. വൈകുന്നേരം 9 മണിക്ക് Public Affairs Committe Online Meeting ൽ പങ്കെടുത്തു.

30. തലശ്ശേരി അതിരൂപതയിലെ അച്ചന്മാരുടെ Online Refresher Course ൽ ക്ലാസ്സെടുത്തു. വൈകുന്നേരം 5 മണിക്ക് അഭിവന്ദ്യ പിതാക്കന്മാരുടെ ഓൺലൈൻ മാസ ധ്യാനത്തിൽ പങ്കെടുത്തു. 8.30 ന് പൈസക്കിരി ഫൊറോനയുടെ കോശി കമ്മീഷൻ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു.

### ജൂലൈ 2021

1. രാവിലെ 9 മണിക്ക് ശാന്തിനഗർ കോവിഡ് റിലീഫ് പ്രോഗ്രാമിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് കരുവഞ്ചാൽ ഹോസ്പിറ്റൽ സന്ദർശിച്ചു. വൈകുന്നേരം 8.30 ന് തോമാപുരം ഫൊറോനയുടെ കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

2. രാവിലെ 8.30 മുതൽ കുന്നോത്ത് സെമിനാരിയിലെ വൈദീക വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് കെ. സി. ബി. സി. മാധ്യമ അവർഡ് ഓൺലൈനായി പ്രഖ്യാപിച്ചു.

3. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ ഉദ്ഘാടനത്തിൽ പങ്കെടുത്തു. വൈകുന്നേരം 9.30 ന് ദൂബായിലെ മതാദ്ധ്യാപകർക്ക് ഓൺലൈൻ ക്ലാസ്സെടുത്തു.

4. വൈകുന്നേരം 7 മണിക്ക് നിർമ്മലഗിരി കോളേജിലെ Alumni Association Meeting ൽ ഓൺലൈനായി പങ്കെടുത്തു.

5. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭീമനടി ഇടവകയിൽ ഫാ. തോമസ് മേനപ്പാട്ടുപടിക്കലിന്റ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 9 മണിക്ക് നെല്ലിക്കാംപൊയിൽ ഫൊറോനയുടെ കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

6. രാവിലെ 11.30ന് പെരുവകോളനിയിൽ നിർമ്മലഗിരി കോളേജിന്റെ നേതൃത്ത്വത്തിലുള്ള അതിവേഗ ഇന്റർനെറ്റ് പദ്ധതിയുടെ ഉദ്ഘാടനത്തിൽ പങ്കെടുത്തു. വൈകുന്നേരം 8.30ന് വെള്ളരിക്കുണ്ട് ഫൊറോനയുടെ കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

7. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. രാവിലെ 11 മണിക്ക് കോശി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

8. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. 10 മണിക്ക് കണ്ണൂർ മഹാത്മാ മന്ദിറിൽ ഫാ. സ്റ്റാൻസ്വാമി അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 8.30ന് കോശി കമ്മീഷൻ കുന്നോത്ത് ഫൊറോനയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

9. രാവിലെ 8.30 മുതൽ കുന്നോത്ത് സെമിനാരിയിലെ വൈദീക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് എടൂർ നടന്ന ബഫർ സോൺ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 4 മണിക്ക് പേരട്ട ഇടവകയിൽ നിര്യാതയായ റോസമ്മ തോമസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 7 മണിക്ക് Unaided School കളുടെ കോശി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

10. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. രാവിലെ 11 മണിക്ക് ചെറുപുഴ ഫൊറോനയുടെ കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. 3 മണിക്ക് എടൂർഫൊറോനയുടെ കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. 8.30ന് പനത്തടി ഫൊറോനയുടെകോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

11. രാവിലെ 4 മണിക്ക് കോഴിക്കോട് Mims Hospital ൽ ബഹു. ജോസഫ് കീച്ചൻകേരി അച്ചനെ സന്ദർസിച്ചു. വൈകുന്നേരം 7 മണിക്ക് KCYM BUD Programmeന്റെ നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്ത്വത്തിൽ നടന്ന സമാപന സമ്മേളനത്തിൽ ഓൺലൈനായി പങ്കെടുത്തു.

12. രാവിലെ 9 മണിക്ക് വിമൽജ്യോതി എൻജിനിയറിംഗ് കോളേജിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് വെള്ളരിക്കുണ്ടിൽ ബഹു. ജോസഫ് കീച്ചൻകേരി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

13. രാവിലെ 10 മണിക്ക് ജയഗിരി ഇടവകയിൽ ബഹു. ജോർജ്ജ് വണ്ടർകുന്നേലച്ചന്റെ 41 ന് വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. വൈകുന്നേരം 3 മണിക്ക് ചെറുപുഴ നടന്ന AKCC മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 8 മണിക്ക് കോശി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

14. രാവിലെ 10 മണിക്ക് മഞ്ഞളാംപുറം ഇടവകയിൽ ബഹു. മാത്യു തെക്കേക്കുളം അച്ചന്റെ 41 ന് വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. 12 മണിക്ക് മഞ്ഞളാംപുറം സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 4 മണിക്ക് അരീക്കമല ഇടവകയിൽ നിര്യാതനായ സ്റ്റീഫൻ നെടുമറ്റത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ഉച്ചകഴിഞ്ഞ് നിർമ്മലഗിരി കോളേജിന്റെ ഓൺലൈൻ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

15. ഉച്ചകഴിഞ്ഞ് 2 മണിക്ക് കിളിയന്തറ സ്കൂളിന്റെ വെഞ്ചിരിപ്പിൽ പങ്കെടുത്തു.

16. രാവിലെ 8.30 ന് കുന്നോത്ത് സെമിനാരിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വൈകുന്നേരം 6 മണിക്ക് ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്ത്വത്തിൽ നടക്കുന്ന Pop Benedict XVI Biblical Webinrൽ ക്ലാസ്സെടുത്തു.

17. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് ബഹു. കീച്ചൻകേരി അച്ചന്റെ അനുസ്മരണ സൂംമീറ്റിംഗിൽ പങ്കെടുത്തു.

18. വൈകുന്നേരം 9 മണിക്ക് I മീഡിയ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

19. രോഗികളായി കിടക്കുന്ന അച്ചന്മാരെ രാവിലെ സന്ദർശിച്ചു. 10 മണിക്ക് പേരാവൂർ എസ്. എച്ച്. പ്രോവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. ബോസ്ക്കോയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 2 മണിക്ക് കണ്ണൂർ നടന്ന കർഷക സമരത്തിൽ പങ്കെടുത്തു. 3 മണിക്ക് തലശ്ശേരി അതിരൂപതയുടെ ഓൺലൈൻ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്തു. വൈകുന്നേരം 9 മണിക്ക് Public Affairs Commette Meeting ൽ പങ്കെടുത്തു.

20. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6.30 ന് Vincent De Paul സംഘടനയുടെ നാഷണൽ വെബിനാറിൽ ക്ലാസ്സെടുത്തു.

21. രാവിലെ 11 മണിക്ക് തലശ്ശേരി പ്രതീക്ഷ സെന്ററിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിമുതൽ CBCI Theologians Colloquium ത്തിൽ പങ്കെടുത്തു.

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

**August 2021**

| | | |
|---|---|---|
| 2-6 | - | KCBC |
| 10 | - | Consulters Meeting |
| 11 | - | Monthly Recollection |
| 12 | - | Kannur |
| 13 | - | Kunnoth Seminary |
| 16-27 | - | Synod |
| 28 | - | Ulickal Marriage |
| 30 | - | Nellckampoyil Marriage |

**Secretary to the Auxiliary Bishop**

22. ഉച്ചകഴിഞ്ഞ് 3 മണിക്ക് കെ. സി. വൈ. എം. നേതൃത്വത്തിൽ നടന്ന ബഫർ സോൺ കരടു വിഞ്ജാപനത്തിനെതിരെയുള്ള സമരം ഉദ്ഘാടനം ചെയ്തുസംസാരിച്ചു. വൈകുന്നേരം 5 മണിമുതൽ CBCI Theologians Colloquium ത്തിൽ പങ്കെടുത്തു.
23. രാവിലെ കണ്ണൂർ ബിഷപ്സ്ഹൗസിൽ നിര്യാതനായ മോൺ. ദേവസി ഈരത്തറ അച്ചന്റെ മൃതദേഹം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി. ചെമ്പേരി എൻജിനിയറിംഗ് കോളേജ് സന്ദർശിച്ചു. വൈകുന്നേരം 5 മണി മുതൽ CBCI Theologians Colloquium ത്തിൽ പങ്കെടുത്തു. വൈകുന്നേരം 8 മണിക്ക് നിര്യാതനായ ബാവ ഓൺലൈൻ അനുസ്മരണത്തിൽ പങ്കെടുത്തു.
24. രാവിലെ 10.30 ന് ജോസ്ഗിരി ഹോസ്പിറ്റൽ Nursing College Lamp Lighting Ceremony ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 4 മണിക്ക് അങ്ങാടിക്കടവ് ഇടവകയിൽ നിര്യാതനായ സ്കറിയ പൈമ്പള്ളി ക്കുന്നേലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. വൈകുന്നേരം 8 മണിക്ക് St. Alphonsa Feast Global Online Celebration ൽ പങ്കെടുത്തു സംസാരിച്ചു.

◇ ◇ ◇ ◇ ◇